LAITY VOICE

2015 FEBRUARY ▶ Volume:5 ▶ No:8

അഴി+മതി

അഴിമതിയ്ക്കെതിരെ അണിചേരുവിൻ

മുഖപ്രസംഗം

പൊതുപ്രവർത്തനമെന്നത് നിസ്വാർത്ഥമായ സേവനമാണ്. ജനാധിപത്യ സംവിധാനങ്ങളെയും, ജനങ്ങളെയും, കൊള്ളയടിക്കാനുള്ള അവകാശമല്ല. ലക്ഷങ്ങൾ കൊയ്തെടുക്കാനുള്ള കച്ചവടവുമല്ല. ഇന്നിന്റെ രാഷ്ട്രീയ നേതൃത്വങ്ങളും ജനപ്രതിനിധികളും ഉദ്യോഗസ്ഥ വൃന്ദങ്ങളും ഈ സേവനത്തിന്റെ അന്തസ്സിനെ ഒരു പരിധിവരെ മലീമസമാക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. അധികാരമെന്നത് ജനങ്ങളെ സേവിക്കുവാനുള്ള അംഗീകാരം എന്നതിനപ്പുറം അഴിമതിയിലേയ്ക്കുള്ള ചവിട്ടുപടിയായി മാറിയോ? സാധാരണ ജനത്തിന് ഒന്നറിയാം. അഴിമതി പരസ്യമായ രഹസ്യമാണ്. തെളിവുകൾക്കായി വ്യക്തമായ രേഖകളോ സാക്ഷികളോ കാണില്ല. എന്നാൽ കോഴ കൊടുക്കുന്നവനും കോഴ വാങ്ങുന്നവനും ജനാധിപത്യ അധികാരങ്ങളെയും, നിയമത്തെയും, നീതിപീഠങ്ങളെയും വിലയ്ക്കുവാങ്ങുന്ന സാമൂഹ്യദ്രോഹികളും കുറ്റവാളികളുമാണ്.

അന്തർനാടകളുടെ ചുവപ്പുനാടയിൽ അപമാനത്തിന്റെ ചെളിക്കുണ്ടിലായിരിക്കുകയാണ് കേരളജനതയുടെ അന്തസ്സും അഭിമാനവും. അധികാരകേന്ദ്രങ്ങൾക്കു നേരെയുള്ള അഴിമതി ആക്ഷേപങ്ങൾക്കും ആരോപണങ്ങൾക്കും പുതുമയില്ല. കാലങ്ങളായി കേട്ടുതഴമ്പിച്ചതിന്റെ ആവർത്തനം മാത്രം. ജനജീവിതത്തിന്റെ അടിമുതൽ മുടിവരെ അഴിമതിയുടെ അവതാരങ്ങൾ നിറഞ്ഞുതുള്ളുകയാണ്. ഭരണസംവിധാനത്തിന്റെ ഉന്നത കേന്ദ്രങ്ങളായ നിയമനിർമ്മാണസഭകളുടെ മേൽത്തട്ടും ഉള്ളറകളും മുതൽ താഴെ വില്ലേജ്, പഞ്ചായത്ത് തലങ്ങളിൽ ജോലിചെയ്യുന്ന പ്യൂണിന്റെ മേശവലിപ്പിനുള്ളിൽ വരെ അഴിമതി മൂർഖൻമാർ പത്തിവിരിച്ചാടുന്നത് സാധാരണജനം ദിവസേന കാണുന്നു. അധികാരത്തി

ലേറുവാനും അധികാരം നിലനിർത്തി കൈയ്യിട്ടുവാരുവാനുമായി അഴിമതിയെ വിശുദ്ധീകരിച്ച് നിയമവും നീതിയും നിയന്ത്രണത്തിലാക്കി ജനങ്ങളുടെ മുമ്പിൽ മാന്യന്മാരാകുവാൻ ശ്രമിക്കുന്ന അതിവിരുതന്മാരായ കരുമാടിക്കുട്ടന്മാരുടെ എണ്ണം കൂടുകയാണ്. **അഴിമതിയുടെ അടിവേരുകൾ കണ്ടെത്തണമെങ്കിൽ, ആഴങ്ങൾ അളന്നെടുക്കണമെങ്കിൽ, ചില്ലുമേടകളിലിരിക്കുന്ന പലരുടേയും ചരിത്രമന്വേഷിച്ച് ഇന്നലകളിലേയ്ക്ക് ഇറങ്ങിച്ചെല്ലണം.**

നാടുസേവിക്കാനിറങ്ങിത്തിരിച്ചവരുടെ പൊതുജനസേവനത്തിന്റെ ബാക്കിപത്രമായി പലരും കോടികളുടെ ഈശ്വരന്മാരായി എന്ന പരമാർത്ഥത്തെ ആർക്കും നിഷേധിക്കാനാവില്ല. കടത്തിണ്ണയിൽ നിന്നും കടുംകാപ്പിയിൽനിന്നും കോടതി വരാന്തയിലെ കറുത്തകോട്ടിൽ നിന്നും മാത്രമല്ല കലാലയങ്ങളിലെ കല്ലേറിന്റെയും തെരുവിലൊഴുകിയ രക്തപ്പുഴകളുടെയും രക്തസാക്ഷി മണ്ഡപങ്ങളുടെയും തൊഴിലാളി വിപ്ലവതീജ്വാലകളുടേയും ഇടയിൽ നിന്ന് അധികാരത്തിന്റെ അംബരചുംബികളിലേയ്ക്കുള്ള സുഖയാത്രയിൽ പണംകായ്ക്കുന്ന വടവൃക്ഷങ്ങളുണ്ടെന്ന് സാധാരണജനത്തിന് മനസ്സിലായിട്ട് കാലങ്ങളേറെയായി. **മദ്യരാജാക്കന്മാരും മാഫിയാ സംഘങ്ങളും അധോലോക അവതാരങ്ങളും മാത്രമല്ല മദിരാക്ഷികൂട്ടങ്ങളും ചേർന്ന് നാടുഭരിക്കുന്ന സ്ഥിതിവിശേഷമാണിന്ന്.** ഈ ദുരവസ്ഥയ്ക്കു നേരെ ഇനിയെങ്കിലും വിരൽചൂണ്ടുവാൻ നമുക്കായില്ലെങ്കിൽ സംസ്കാരത്തെക്കുറിച്ചും സാക്ഷരതയെക്കുറിച്ചും നീതിബോധത്തെക്കുറിച്ചും നാമുയർത്തുന്ന ആദർശപ്രസംഗങ്ങൾക്ക് എന്തർത്ഥം? **അഴിമതിയെ ആശ്ലേഷിക്കാനോ വെള്ളപൂശുവാനോ ക്രൈസ്തവവിശ്വാസികൾക്കാവില്ല. ഈ മഹാവിപത്തിനെ മഹത്വൽക്കരിക്കാൻ ആരു ശ്രമിച്ചാലും ദൈവനിഷേധമാണ്. അഴിമതിവിരുദ്ധ നിലപാടുകളെ ലഘൂകരിക്കുവാൻ ശ്രമിക്കുന്നത് സമൂഹത്തോടുള്ള വഞ്ചനയും വെല്ലുവിളിയുമാണ്.** രാഷ്ട്രീയഭരണരംഗങ്ങൾ അഴിമതിയുടെ മാലിന്യക്കൂമ്പാരത്തിൽ മുങ്ങിത്താണ് ശുദ്ധികലശത്തിന്റെ അതിർവരമ്പുകൾ പിന്നിട്ടിരിക്കുന്നു. ഈ നാടിനെ മദ്യത്തിൽ മുക്കിക്കൊല്ലുന്ന മാഫിയ സംഘങ്ങളുടെ അന്തപ്പുരഗീർവാണങ്ങൾ ശബ്ദരേഖയായി ഇന്ന് അധികാര കേന്ദ്രങ്ങളുടെ നേരെ ആഞ്ഞടിക്കുന്നു. വൻ അഴിമതികളുടെ പേരിൽ ജയിൽശിക്ഷ അനുഭവിച്ചവരും, കോഴക്കേസുകളിൽ ശിക്ഷിക്കപ്പെട്ടവരും അഴിമതിക്കാരെ ചൂണ്ടിക്കാണിക്കുമ്പോൾ ജനങ്ങൾ ചിരിക്കുന്നു. അഴിമതിയുടെ ചെളിക്കുണ്ടിലാണ് അധികാര കേന്ദ്രങ്ങൾ എന്നതിൽ ആർക്കും സംശയം വേണ്ട. കുടിക്കുന്ന വെള്ളത്തിലും, സഞ്ചരിക്കുന്ന വാഹനത്തിലും, കഴിക്കുന്ന ഭക്ഷണത്തിലും, നിത്യേനയുള്ള ജീവിതയാത്രയിലും മാത്രമല്ല, ശ്വസിക്കുന്ന വായുവിൽ പോലും അഴിമതിയുടെ ദുർഗന്ധവും, കണ്ണികളും, കണികകളും നിറഞ്ഞിരിക്കുന്നു.

മാന്യന്മാരായി സ്വയം പ്രഖ്യാപിച്ച്, പല ഉന്നതന്മാരും, അഴിമതിക്കെതിരെ വിരൽ ചൂണ്ടുമ്പോൾ സ്വന്തം നെഞ്ചിനുനേരെ നീണ്ടുനിൽക്കുന്ന മൂന്നുവിരലുകളെക്കുറിച്ച് സൗകര്യപൂർവ്വം മറക്കുന്നു. അത്രമാത്രം ജീർണ്ണതയിലാണ് ഈ നാടിന്റെ സാമൂഹ്യ, രാഷ്ട്രീയ, ഭരണസംവിധാന തലങ്ങൾ. ഏതൊരാൾക്കെതിരെയും അഴിമതിയാരോപിക്കുമ്പോൾ അടിസ്ഥാനം വേണം. അവഹേളിക്കുവാനും അടിച്ചിരുത്തുവാനുമുള്ള ആയുധമായി അഴിമതിയാരോപണങ്ങൾ മാറരുത്. ആരോപണമുന്നയിക്കുന്നവന്റെ ഗൂഢലക്ഷ്യങ്ങളും സമൂഹത്തിലെ മാന്യതയും സ്വഭാവശുദ്ധിയും പ്രവർത്തനമേഖലയും പൊതുസമൂഹം വിലയിരുത്തണം. **മദ്യലോബികൾക്കും മാഫിയ സംഘങ്ങൾക്കും അധോലോകത്തിനും അവസരത്തിനൊത്ത് പ്രയോഗിക്കാനുള്ള ആയുധമായി അഴിമതിയാരോപണങ്ങൾ മാറുമ്പോൾ സമൂഹത്തിൽ തെറ്റിദ്ധാരണകളുടെയും മൂല്യശോഷണത്തിന്റെയും വിത്തുകൾ പാകുന്നു.** നിഷ്പക്ഷതയുടെയും നീതിയുടെയും സത്യത്തിന്റെയും വഴികളിലൂടെ ഉന്നയിക്കുന്ന ആരോപണങ്ങൾ തിരിച്ചറിഞ്ഞ് മുഖവിലയ്ക്കെടുക്കുവാൻ സമൂഹത്തിനാകണം.

അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുവാനും നടപടികളെടുക്കുവാനും ഈ നാട്ടിൽ സംവിധാനങ്ങളുണ്ട്. നിയമങ്ങളും നീതിപീഠങ്ങളുമുണ്ട്. സത്യം കണ്ടെത്തി കോടതി വിധിക്കട്ടെ. വൻ അഴിമതി ഭീകരന്മാരെ തുറുങ്കിലടച്ച രാജ്യമാണ് ഇന്ത്യ. ജനാധിപത്യനാട്ടിൽ ജനങ്ങൾക്കും ഇതിനവകാശമുണ്ട്. നാളെ അഴിമതിയുടെ തെളിവുകൾ ഇല്ലാതാക്കപ്പെടാം. ചിലപ്പോൾ തെളിവുകൾ വിലയ്ക്കുവാങ്ങിയേക്കാം. പക്ഷേ ജനാധിപത്യ സംവിധാനത്തിലെ മഹത്തരമായ പൊതുതെരഞ്ഞെടുപ്പാകുന്ന ജനങ്ങളുടെ കോടതിക്കു മുമ്പിൽ അഴിമതിക്കാർ ശിക്ഷിക്കപ്പെടണം.

മദ്യലോബികളും മാഫിയ സംഘങ്ങളും അധോലോകവും നാടുഭരിക്കുന്നത് "സൂപ്പർ സർക്കാർ"

ബാർ കോഴ ആരോപണങ്ങളുടെ പശ്ചാത്തലം സംസ്ഥാന സർക്കാരിന്റെ മദ്യനിരോധനമാണല്ലോ. ഏതാനും ബാർ ഹോട്ടലുകൾ പൂട്ടി. ചിലതു പൂട്ടാനായി പ്രഖ്യാപിച്ചു. മദ്യലോബികൾ അവരുടേതായ കുതന്ത്രങ്ങൾ ആവിഷ്കരിച്ചു. സ്വാധീനിക്കേണ്ടവരെ സ്വാധീനിച്ചുവെന്നു മാത്രമല്ല കോടതിയേയും സമീപിച്ചു. വീണുകിട്ടിയ സാഹചര്യം മുതലാക്കി സർക്കാരാകട്ടെ ബിവറേജ് കോർപ്പറേഷനിലൂടെ നാട്ടിലുടനീളം മദ്യം ഒഴുക്കി. കൂടാതെ പ്രഖ്യാപിച്ച "മദ്യനയം" മാറ്റി "പ്രായോഗിക നയം" കൈക്കൊണ്ടു. കോടതിയിൽ സംസ്ഥാന സർക്കാരിന്റെ ബലഹീനമായ വാദമുഖങ്ങൾ നിരന്തരം പരാജയപ്പെടുകയാണിന്ന്. **സർക്കാർ**

പൂട്ടിയ എല്ലാ ബാറുകളും ഏതാനും മാസങ്ങൾക്കുള്ളിൽ കോടതി വിധികളിലൂടെ പ്രവർത്തിക്കുമെന്ന് ഉറപ്പായിരിക്കുന്നു. കോടതിയുടെ മേൽ പഴിചാരി രക്ഷപെടുകയാണ് ഭരണനേതൃത്വം. എന്നിട്ടും ഒന്നേകാൽ വർഷം മാത്രം ആയുസ്സുള്ള യുഡിഎഫ് സർക്കാർ ഘട്ടംഘട്ടമായി ഞങ്ങൾ മദ്യം നിരോധിക്കുമെന്ന ജനങ്ങളെ പറഞ്ഞുപറ്റിക്കുന്നു. എന്തൊരു വിരോധാഭാസം.

മദ്യനിരോധനത്തിനുവേണ്ടി അവസാനശ്വാസം വരെ പോരാടുമെന്ന് പ്രഖ്യാപിച്ച് കേരളത്തിന്റെ വടക്കുമുതൽ തെക്കുവരെ ജനപക്ഷയാത്ര നടത്തി പാർട്ടിക്കുവേണ്ടി കോടികൾ പിരിച്ചെടുത്ത നേതാക്കളിന്നെവിടെ? വനവാസത്തിലോ? മൗനവ്രതത്തിലോ? രാഷ്ട്രീയ കുതന്ത്രികളുടെ വാക്കുകൾ കേട്ട് തെരുവിലിറങ്ങിയ മദ്യനിരോധന പ്രസ്ഥാനക്കാരും ചിന്തിക്കുക, നിൽപ്പുസമരവും ഇരുപ്പുസമരവും നടപ്പുസമരവും മുഷ്ടിസമരവും നടത്തി നമ്മൾ എന്തുനേടി? മദ്യനിരോധനത്തിന്റെ പേരിൽ എടുത്തുചാടി സർക്കാരിനെ വാനോളം പുകഴ്ത്തിയവർ ഓടിയൊളിച്ചോ? **മദ്യമാഫിയകൾക്കെതിരെ മാത്രമല്ല, ഈ നാടിനെ അധോലോക ശക്തികൾക്ക് എക്കാലവും തീറെഴുതിക്കൊടുക്കുന്ന മാറിമാറി നാടുഭരിക്കുന്ന അധികാരകേന്ദ്രങ്ങൾക്കെതിരെ പൊരുതുവാനുള്ള ചങ്കൂറ്റവും തന്റേടവുമാണ് മദ്യനിരോധന പ്രസ്ഥാനങ്ങൾക്കുവേണ്ടത്.** കൂടാതെ ഈ മഹാവിപത്തിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കാനുള്ള ഉത്തരവാദിത്വവും.

അടികിട്ടുമ്പോൾ ഒരു ആത്മപരിശോധന പലർക്കുമിന്ന് നല്ലതാണ്.

കഴിഞ്ഞനാളുകളിൽ, കർഷകമക്കളെ ഒന്നാകെ വിലപറഞ്ഞ് വിറ്റില്ലേ നമ്മുടെ കർഷകപാർട്ടികൾ. മലയോരങ്ങളിലും മലനാടുകളിലും മണ്ണിനോടും മലമ്പനിയോടും മല്ലിട്ട് ജീവിച്ച മണ്ണിന്റെ മക്കൾ ചോരയും നീരും നൽകി പടുത്തുയർത്തിയ പ്രസ്ഥാനം ഇന്നെവിടെ നിൽക്കുന്നു? അദ്ധ്വാനവർഗ്ഗസിദ്ധാന്തം ചവച്ചരച്ചുകഴിച്ചാൽ മണ്ണിൽ പണിയെടുക്കുന്നവന്റെ വിശപ്പുമാറുമോ? അധരവ്യായാമവും കപടസ്നേഹവുമായി കർഷകസമൂഹത്തെ വിഢികളാക്കുന്നതിനു പരിധികളുണ്ട്.

അധികാരസോപാനത്തിൽ അമർന്നിരിക്കുമ്പോൾ പുറകോട്ടൊന്നു തിരിഞ്ഞുനോക്കുവാൻ ഇത് അവസരമൊരുക്കും. സ്ഥിരം സ്തുതിപാഠകർക്കപ്പുറം, തന്നെ വളർത്തി വലുതാക്കി ആളാക്കി മാറ്റിയെടുത്ത, പ്രസ്ഥാനത്തെ പടുത്തുയർത്തുവാൻ കഷ്ടപ്പെട്ടും നഷ്ടപ്പെട്ടും എക്കാലവും പ്രതീക്ഷയർപ്പിച്ച ജനവിഭാഗം ഇന്നു കൂടെയുണ്ടോ? രാഷ്ട്രീയ വക്രതയുടെ ചതിക്കുഴിയിൽ എറിഞ്ഞുതള്ളപ്പെട്ടവരുടെ വീറും വാശിയും മനസിലാക്കാം. പക്ഷേ പതിറ്റാണ്ടുകളായി കർഷകപാർട്ടിയുടെ പിന്നിൽ അണിനിരന്ന് ചോരയും നീരും വറ്റിപ്പോയ ജനങ്ങളെ നിരന്തരം വഞ്ചിച്ചതിന്റെ രോഷം പലയിടങ്ങളിലും ആളിക്കത്തുന്നു.

ഒട്ടേറെ ഗ്രൂപ്പുകളും വിഭാഗങ്ങളുമായി തമ്മിലടിക്കുന്ന കർഷകപാർട്ടികൾ ആരുടെ അവകാശം സംരക്ഷിക്കുന്നു? **പതിറ്റാണ്ടുകൾ അധികാരത്തിലിരുന്നിട്ടും സ്വന്തം ഭൂമിയിൽ അന്യനെപ്പോലെ കഴിയുന്ന, ജനവിഭാഗങ്ങൾക്ക് പട്ടയം നൽകുവാൻ ഇവർക്കായോ? സാമ്പത്തിക പ്രതിസന്ധിയിൽ കാർഷിക മേഖല തകർന്നടിയുമ്പോഴും പിച്ചക്കാശ് എറിഞ്ഞുതന്ന് കോടികൾ വെട്ടിപ്പിടിക്കുവാൻ ശ്രമിച്ചവർ. റബർ ഇറക്കുമതിക്കെതിരെ വഴിപാട്സമരങ്ങൾ നടത്തി കർഷകസമൂഹത്തെ വിഢികളാക്കിയവർ. ഗാഡ്ഗിൽ , കസ്തൂരിരംഗൻ റിപ്പോർട്ടിൽ പശ്ചിമഘട്ടജനതയുടെ ജീവിതത്തിന് വെല്ലുവിളിയുയർന്നപ്പോൾ മുഖംതിരിഞ്ഞ് അധികാരത്തിൽ അള്ളിപ്പിടിച്ചിരുന്നവർ. കഴിഞ്ഞ കാലഘട്ടങ്ങളിൽ അനേകായിരങ്ങൾ സ്വപ്നങ്ങളേകി താലോലിച്ച് വളർത്തിയെടുത്ത പ്രസ്ഥാനത്തെ അധികാരസുഖത്തിൽ കഷണംകഷണമാക്കിയവർ. അദ്ധ്വാനവർഗ്ഗവിപ്ലവം പ്രസംഗിച്ചതുകൊണ്ടോ വാഗ്ദാനപ്പെരുമ്പറ മുഴക്കിയതുകൊണ്ടോ ജനം കൂടെനിൽക്കുന്നില്ല എന്ന തിരിച്ചറിവ് നല്ലതാണ്. മാറ്റങ്ങൾക്കു തയ്യാറായില്ലെങ്കിൽ കർഷകപാർട്ടികൾ കാലഹരണപ്പെടും. കാലാകാലങ്ങളായി കേരളത്തിലെ ക്രൈസ്തവ സമൂഹത്തെ സ്ഥിരനിക്ഷേപംപോലെ കൈയിലൊതുക്കി വിലപേശി രാഷ്ട്രീയ നേട്ടങ്ങൾ കൊയ്തവൻ സമുദായത്തിന് എന്തുനേടിത്തന്നുവെന്ന് വിശ്വാസികളും വിലയിരുത്തണം.**

എല്ലാ പ്രസ്ഥാനങ്ങളുടെ പിന്നിലും ഒരു അടിസ്ഥാന ജനവിഭാഗമുണ്ട് എന്നത് പൊതുതത്വമാണ്. ഈ അടിസ്ഥാന വിഭാഗത്തിന്റ അവകാശങ്ങൾ സംരക്ഷിക്കുക സാമാന്യനീതിയിൽ ഈ പ്രസ്ഥാനങ്ങളുടെ കടമയും ഉത്തരവാദിത്വവുമാണ്. പക്ഷേ നമ്മുടെ കർഷകപാർട്ടികൾക്കു പിന്നിൽ ഇന്ന് ഈ അടിസ്ഥാനജനവിഭാഗമില്ല. അധികാരക്കൊതിപൂണ്ട അല്പന്മാർ മാത്രമേയുള്ളൂ. **പാവപ്പെട്ടവന്റെ പട്ടിണിയകറ്റുവാൻ ഇൻക്വിലാബ് വിളിച്ച് നിറതോക്കുകളുടെയും ലാത്തിയുടെയും മുമ്പിലേയ്ക്ക് തള്ളിവിട്ട് രക്തസാക്ഷികളെ സൃഷ്ടിച്ച വിപ്ലവപാർട്ടികളും ഇന്ന് അധികാരക്കൊതിപൂണ്ട് ഓടിനടക്കുന്നത് ഈ അഴിമതിയുടെ തുള്ളികൾ നുകർന്നുകൊണ്ടല്ലേ?**

അഴിമതി എതിർക്കപ്പെടണം. സമൂഹത്തിൽ നിന്ന് ഉന്മൂലനം ചെയ്യപ്പെടേണ്ടതാണ്. ജനാധിപത്യസംവിധാനത്തിലെ പൗരസ്വാതന്ത്ര്യത്തിന്റെ മറവിലും, അധികാരത്തിന്റെ ധാർഷ്ഠ്യത്തിലും ഉന്നതങ്ങളിലിരുന്ന് എന്തുമാകാമെന്നത് ധിക്കാരപരമാണ്. **രാഷ്ട്രീയാധികാരത്തിന്റെ അസ്തിത്വത്തിനുള്ള കാരണം പൊതുനന്മയാണ്. അതിനാൽതന്നെ അഴിമതിയെ ഒരിക്കലും അംഗീകരിക്കപ്പെടാനാവില്ല. ഇതിനു നീതീകരണവുമില്ല. ക്രൈസ്തവ സഭയുടെ നിലപാടുകൾ വ്യക്തിഗതമല്ല. സാർവ്വത്രികസഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ അടിസ്ഥാനത്തിലാണ്.** സഭയുടെ സാമൂഹിക പ്രബോധനങ്ങൾ ധാർമ്മിക മൂല്യങ്ങളിൽ അധിഷ്ഠിതമാണ്. ഇത് പ്രകൃതിനിയമത്തിൽ അടിയുറച്ചതും മനുഷ്യമനഃസാക്ഷിയിൽ എഴുതപ്പെട്ടതുമാണ്. സാമൂഹിക പ്രവർത്തനങ്ങളിൽ സംസ്കാരത്തിന്റെ സാമൂഹിക മാനത്തിന് ക്രൈസ്തവസഭ മുൻഗണന നൽകുന്നു.

സാമൂഹികവും രാഷ്ട്രീയവുമായ സ്ഥാപനങ്ങളിൽ ഉത്തരവാദിത്വങ്ങളൊടൊപ്പമുള്ള ദൗത്യങ്ങൾ കർശനവും പ്രകടവുമായ സമർപ്പണം ആവശ്യപ്പെടുന്നുണ്ട്. സാമൂഹിക രാഷ്ട്രീയ ജീവിതത്തിൽ ധാർമ്മിക മാനം തികച്ചും അത്യാവശ്യമാണെന്ന് വ്യക്തമായി തെളിയിക്കാൻ കഴിവുള്ള സമർപ്പണമായിരിക്കണം അത്. ധാർമ്മിക മാനത്തിലുള്ള ശ്രദ്ധ അപര്യാപ്തമായാൽ അത് സമൂഹജീവിതത്തെയും സാമൂഹികവും രാഷ്ട്രീയവുമായ സ്ഥാപനങ്ങളേയും മനുഷ്യത്വമില്ലായ്മയിലേയ്ക്കു നയിക്കും. രാഷ്ട്രീയ പ്രശ്നങ്ങളെ സംബന്ധിച്ച് ഒരുവൻ തന്റെ മനസാക്ഷിക്കുചേർന്നവിധം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം. രാഷ്ട്രീയജീവിതത്തിലൂടെ സമൂഹം കൂടുതൽ നീതിയുള്ളതാകാനും മനുഷ്യവ്യക്തിയുടെ മഹത്വത്തിന് കൂടുതൽ ചേർന്നതാകാനും വേണ്ടിയാണത്. **അധികാരവിനിയോഗം എപ്പോഴും സേവനത്തിന്റെ സ്വഭാവം സ്വീകരിക്കണം.** പൊതുനന്മനേടുന്നതിന് എപ്പോഴും ധാർമ്മികനിയമത്തിന്റെ സാഹചര്യത്തിൽ നടത്തേണ്ട ഒന്നാണ് ആ സേവനം.

രാജ്യങ്ങളുടെ ഗവൺമെന്റിൽ അനധികൃമായി ഇടപെടലല്ല സഭയുടെ സാമൂഹികസിദ്ധാന്തം. വിശ്വാസത്തിന്റെ ആവശ്യങ്ങളും സാമൂഹിക രാഷ്ട്രീയ തെരഞ്ഞെടുപ്പുകളും തമ്മിൽ വേർതിരിക്കണം. അതുപോലെ ക്രൈസ്തവമായ വ്യക്തികൾ നടത്തുന്ന തിരഞ്ഞെടുപ്പിനെയും ക്രൈസ്തവസമൂഹം ഒറ്റക്കെട്ടായി നടത്തുന്ന തെരഞ്ഞെടുപ്പിനെയും തമ്മിൽ വേർതിരിച്ചുകാണണം. അതിന്റെ അർത്ഥമിതാണ്: ഒരു പാർട്ടിയിലുള്ള അംഗത്വം, അല്ലെങ്കിൽ ഒരു രാഷ്ട്രീയ കൂട്ടുകെട്ടിലുള്ള അംഗത്വം വ്യക്തിപരമായ തീരുമാനമായി കരുതണം. ക്രൈസ്തവവിശ്വാസത്തെയും മൂല്യങ്ങളെയും എതിർക്കാത്ത പാർട്ടികളുടെയും നിലപാടുകളുടെയും പരിധികൾക്കുള്ളിലെങ്കിലും അതു നിയമാനുസൃതമായി കരുതപ്പെടണം. എന്നാലും ഒരു പാർട്ടിയെ, ഒരു രാഷ്ട്രീയ കൂട്ടുകെട്ടിനെ, പൊതുജീവിതം ഭരമേൽപ്പിക്കേണ്ട വ്യക്തികളെ തിരഞ്ഞെടുക്കുന്നത് ഓരോ വ്യക്തിയുടെയും മനസ്സാക്ഷി ഉൾപ്പെടുന്ന കാര്യമാണ്. അത് ഒരിക്കലും പരിവർജ്ജനീയമായ വൈയക്തിക തിരഞ്ഞെടുപ്പായിരിക്കുകയില്ല. **“തങ്ങളുടെ രാജ്യത്തിന്റെ അവസ്ഥ വസ്തുനിഷ്ഠമായി അപഗ്രഥിക്കുക, ക്രൈസ്തവസമൂഹത്തിന്റെ കടമയാണ്. സുവിശേഷത്തിന്റെ മാറ്റപ്പെടാനാവാത്ത പ്രകാശം അതിൽ ചൊരിയുക എന്നതും സഭയുടെ സാമൂഹിക പ്രബോധനത്തിൽ നിന്ന് വിചിന്തനത്തിനുള്ള തത്വങ്ങളും വിധിനിർണ്ണയത്തിനുള്ള മാനദണ്ഡങ്ങളും പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സ്വീകരിക്കുകയെന്നതും ക്രൈസ്തവസമൂഹത്തിന്റെ കടമയാണ്.” എങ്ങനെയായാലും “സ്വന്തം അഭിപ്രായത്തെ സഭയുടെ അധികാരവുമായി താദാത്മ്യപ്പെടുത്താൻ ഒരുത്തനും അനുവാദമില്ല.”** വിശ്വാസികൾ “ആത്മാർത്ഥമായ സംവാദംവഴി, പരസ്പരസ്നേഹത്തിന്റെ ചൈതന്യത്തോടെ സർവ്വോപരി പൊതുനന്മയെക്കുറിച്ചുള്ള ഔത്സുക്യപൂർണ്ണമായ താല്പര്യത്തോടെ പരസ്പരം നയിക്കാൻ പരിശ്രമിക്കണം.”

സാർവത്രികസഭയുടെ രാഷ്ട്രീയ ഇടപെടലുകളും നിലപാടുകളും പ്രധാനമായി മേൽപ്പറഞ്ഞ സാമൂഹിക പ്രബോധനങ്ങൾക്കനുസരിച്ചാണ്. ലോകത്തിലെ അഴിമതിയ്ക്കെതിരെ നിരന്തരം പോരാടുന്ന ഫ്രാൻസീസ് പാപ്പ വിശ്വാസിസമൂഹത്തിനു മാതൃകയാണ്. സമൂഹത്തിൽ നിന്ന് അഴിമതി തുടച്ചുനീക്കപ്പെടണം, അതിനുള്ള പോരാട്ടത്തിൽ അണിചേരൂ!

ഷെവലിയർ വി.സി.സെബാസ്റ്റ്യൻ
ചീഫ് എഡിറ്റർ

കൊച്ചി പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ ചേർന്ന കേരളത്തിലെ വിവിധ കർഷകപ്രസ്ഥാനങ്ങളുടെ നേതൃസമ്മേളനം ഇൻഫാം ദേശീയ രക്ഷാധികാരി ബിഷപ് മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു. വി.വി.അഗസ്റ്റിൻ, ഫാ. ആന്റണി കൊഴുവനാൽ, ഡിജോ കാപ്പൻ, ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ, മുതലാംതോട് മണി, പി.സി.ജോസഫ് എക്സ് എംഎൽഎ, ഇമാം മൗലവി മുഹമ്മദ് റഫീക്ക് അൽ കൗസാരി, എം.സി.ജോർജ്, ഫാ.തോമസ് പീലിയാനിയ്ക്കൽ, സി.കെ.മോഹനൻ, അഡ്വ.ജോസ് വിതയത്തിൽ എന്നിവർ സമീപം.

സംഘടിച്ചു ശക്തരായില്ലെങ്കിൽ കർഷക ജനത തകർന്നു പോകും: മാർ മാത്യു അറയ്ക്കൽ

കൊച്ചി: ജാതിയ്ക്കും മതത്തിനും രാഷ്ട്രീയത്തിനും അതീതമായി കർഷക ജനത സംഘടിച്ച് ഒറ്റക്കെട്ടായി നീങ്ങുന്നില്ലെങ്കിൽ വരും നാളുകളിൽ വൻ തകർച്ചയെ നേരിടേണ്ടിവരുമെന്ന് ഇൻഫാം ദേശീയ രക്ഷാധികാരി മാർ മാത്യു അറയ്ക്കൽ.

കൊച്ചി പാലാരിവട്ടം പിഒസിയിൽ കേരളത്തിലെ പ്രമുഖ കർഷക പ്രസ്ഥാനങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ അറയ്ക്കൽ. കാർഷിക വിഷയങ്ങളിൽ നിരന്തരം വഞ്ചിക്കപ്പെടുകയാണ് കർഷകർ. അസംഘടിതരായതുകൊണ്ട് കർഷകമക്കളെ ആരും മുഖവിലയ്ക്കെടുക്കുന്നില്ല. മണ്ണിൽ പണിയെടുത്ത് ഈ നാടിനെ തീറ്റിപ്പോറ്റുന്ന സമൂഹം നിരന്തരം പ്രതിസന്ധികളിലൂടെ നീങ്ങുന്നു. രാഷ്ട്രീയ നേതൃത്വങ്ങൾക്ക് പലപ്പോഴും കർഷകന്റെ വോട്ടുകൾ മാത്രം മതി. അവന്റെ കഷ്ടപ്പാടുകളും വേദനയും ജീവിത ക്ലേശവും അന്വേഷിക്കുവാൻ ആരും തയ്യാറാകുന്നില്ല. ഇന്നുവരെ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ ചെറിയ തുരുത്തുകളായി സമൂഹത്തിന് നന്മകൾ ചെയ്തു പ്രവർത്തിച്ച നമ്മൾ ഈ ഒത്തുചേരലിലൂടെ വൻശക്തിയായി മാറുകയാണ്. മലയോരത്തും ഇടനാട്ടിലും തീരദേശത്തുമുള്ളവർ ഒറ്റക്കെട്ടായി നീങ്ങുമ്പോൾ നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ ഭരണ നേതൃത്വങ്ങൾ നിർബന്ധിതരാകും. തീരദേശത്തുള്ളവരുടെ പ്രശ്നങ്ങൾ മലയോര ജനതയുടെയും പ്രശ്നമാണ്. ഇടനാട്ടിലെ കർഷകർ തീരപ്രദേശങ്ങളിലെയും മലയോരങ്ങളിലെയും കർഷകമക്കളുടെ കൂടപ്പിറപ്പുകളുമാണ്. നമ്മുടെ പ്രശ്നങ്ങൾ വേറിട്ടുകാണാതെ ഒന്നായി കാണുമ്പോൾ നാം ശക്തരാകും. പിറന്ന മണ്ണിൽ എല്ലാവരേയും പോലെ അന്തസായി ജീവിക്കാൻ കർഷക ജനതയ്ക്കുമാകണം. ഇതിനുവേണ്ടിയാണ് ഇവിടെ തുടക്കം കുറിച്ചിരിക്കുന്ന ഈ കൂട്ടായ്മയെന്നും മാർ മാത്യു അറയ്ക്കൽ ഓർമിപ്പിച്ചു.

സമ്മേളനത്തിൽ പാലക്കാട് ദേശീയ കർഷകസമാജം ജനറൽ സെക്രട്ടറി മുതലംതോട് മണി അദ്ധ്യക്ഷത വഹിച്ചു. ഷെവലിയർ അഡ്വ.വി.സി. സെബാസ്റ്റ്യൻ വിഷയാവതരണവും പി.സി.ജോസഫ് എക്സ് എംഎൽഎ ആമുഖപ്രഭാഷണവും നടത്തി. ഇമാം മൗലവി മുഹമ്മദ് റഫീക്ക് അൽ കൗസാരിയുടെ അനുഗ്രഹ പ്രഭാഷണത്തെത്തുടർന്ന് വിവിധ കർഷക പ്രസ്ഥാനങ്ങളുടെ പ്രവർത്തന പങ്കുവയ്ക്കലിൽ ഇൻഫാം ദേശീയ പ്രസിഡന്റ് പി.സി.സിറിയക്, ഹൈറേഞ്ച് സംരക്ഷണ സമിതി കൺവീനർ ഫാ.സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, പശ്ചിമഘട്ട ജനസമിതി ചെയർമാൻ ഫാ.ആന്റണി കൊഴുവനാൽ, കുട്ടനാട് വികസനസമിതി ഡയറക്ടർ ഫാ.തോമസ് പീലിയാനിയ്ക്കൽ, കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി ടി.പീറ്റർ, ദേശീയ കർഷക സമാജം (പാലക്കാട്) പ്രസിഡന്റ് എംകെ പ്രഭാകരൻ മാസ്റ്റർ, സനാതനം കർഷകസമിതി (കൊല്ലം) പ്രസിഡന്റ് ജോസ് മാത്യു ആനിത്തോട്ടത്തിൽ, കർഷകവേദി (കോട്ടയം) ജനറൽ സെക്രട്ടറി ജോസ് വെട്ടം, വെസ്റ്റേൺ ഘട്ട് പീപ്പിൾസ് പ്രൊട്ടക്ഷൻ കൗൺസിൽ (മലപ്പുറം) ചെയർമാൻ പി.വി.അൻവർ, പരിയാരം കർഷകസമിതി (തൃശൂർ) പ്രസിഡന്റ് ജിനറ്റ് മാത്യു, ദേശീയ കർഷക സമിതി ചെയർമാൻ പി.എം.സണ്ണി, തീരദേശ പ്രസ്ഥാനമായ “കടൽ” ജനറൽ സെക്രട്ടറി ജോസഫ് ജൂഡ്, കാഞ്ഞിരപ്പുഴ മലയോര സംരക്ഷണസമിതി (മണ്ണാർക്കാട്) പ്രസിഡന്റ് അഡ്വ.കെ.വി.മാണി, കേരകർഷകസംഘം ജനറൽ സെക്രട്ടറി ഫ്രാൻസീസ് പെരുമന, സംസ്ഥാന ഇഎഫ്എൽ പീഡിത കൂട്ടായ്മ പ്രതിനിധി ജോയി ജോസഫ് എന്നിവർ സംഘടനാ പ്രവർത്തനങ്ങൾ വിശദീകരിച്ചു. കേരളത്തിന്റെ തീരദേശം, ഇടനാട്, മലയോര മേഖലകളിൽ പ്രവർത്തിക്കുന്ന 14 പ്രമുഖ പ്രസ്ഥാനങ്ങൾ ജനകീയ കാർഷിക സാമൂഹ്യ പ്രശ്നങ്ങളിൽ പരസ്പരം സഹകരിച്ചു പ്രവർത്തിക്കുവാനും സമ്മേളനത്തിൽ തീരുമാനിച്ചു. സെന്റർ ഫോർ കൺസ്യൂമർ എഡ്യുക്കേഷൻ മാനേജിംഗ് ട്രസ്റ്റി ഡിജോ കാപ്പൻ മോഡറേറ്ററായിരുന്നു.

സംസ്ഥാന കൺസ്യൂമർ കമ്മീഷൻ മെമ്പർ അഡ്വ.ജോസ് വിതയത്തിൽ, കത്തോലിക്കാ കോൺഗ്രസ് പ്രസിഡൻറ് വിവി അഗസ്റ്റിൻ, ഹൈറേഞ്ച് സംരക്ഷണസമിതി രക്ഷാധികാരസമിതിയംഗങ്ങളായ സി,കെ,മോഹനൻ, ആർ മണിക്കുട്ടൻ, കെ.എൽ.സി.എ. പ്രസിഡന്റ് ഷാജി ജോർജ്ജ്, ഇൻഫാം ദേശീയ വൈസ് പ്രസിഡന്റ് കെ.മൊയ്തീൻ ഹാജി, ദേശീയ ട്രസ്റ്റി ഡോ.എം.സി.ജോർജ്ജ്, ബേബി പെരുമാലിൽ, ജോസ് എടപ്പാട്ട്, മാനുവൽ തോമസ് എന്നിവർ സംസാരിച്ചു. കർഷക പ്രസ്ഥാനങ്ങളുടെ സംയുക്ത പ്രവർത്തനങ്ങളുടെ കർമ്മപരിപാടികൾക്ക് സമ്മേളനം രൂപം നൽകി.

ഒരാളെ ലക്ഷ്യമാക്കിയുള്ള ആരോപണത്തിൽ ഗൂഢലക്ഷ്യം: കത്തോലിക്കാ കോൺഗ്രസ്

കൊച്ചി: തെളിവു നൽകാത്ത ആരോപണത്തിന്റെ പേരിൽ ധനകാര്യമന്ത്രി കെ.എം. മാണി രാജിവയ്ക്കേണ്ടതില്ലെന്നു കത്തോലിക്കാ കോൺഗ്രസ്. ആരോപണത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു പറയപ്പെടുന്ന മറ്റു മന്ത്രിമാരുടെ പേരുകൾ വെളിപ്പെടുത്താതെ ഒരാളെ മാത്രം ലക്ഷ്യമാക്കിയുള്ള ഈ രാഷ്ട്രീയക്കളി ഉടനെ അവസാനിപ്പിക്കണം. ബാർകോഴ വിവാദത്തിന്റെ പേരിൽ ഇപ്പോൾ ഉയർന്നുവന്നിരിക്കുന്ന അഴിമതിയാരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ്. ഒരു മന്ത്രിയെ മാത്രം ലക്ഷ്യമാക്കിയുള്ള ഈ തന്ത്രത്തിന്റെ പിന്നിലെ ഗൂഢലക്ഷ്യം എല്ലാവർക്കും മനസിലാകുന്നുണ്ട്. ബിജു രമേശ് വെളിപ്പെടുത്തിയ കാര്യങ്ങൾ അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ മറ്റു ബാറുടമകൾ നിഷേധിച്ചിട്ടുണ്ട്.

രണ്ടര മാസത്തോളമായിട്ടും തന്റെ കൈവശമുണ്ടെന്ന് അവകാശപ്പെടുന്ന രേഖകൾ പൂർണമായും അന്വേഷണ ഉദ്യോഗസ്ഥർക്കു കൊടുക്കാതെ, അന്വേഷണത്തെ വഴിതെറ്റിക്കാനും പൊതുജനങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിക്കാനും ബോധപൂർവം ബിജു രമേശ് നടത്തുന്ന കരുനീക്കങ്ങൾ അഴിമതിയാരോപണത്തിന്റെ പിന്നിലെ രാഷ്ട്രീയമാണ് വ്യക്തമാക്കുന്നത്.

തെളിവുകൾ അന്വേഷണ ഉദ്യോഗസ്ഥർക്കു നൽകി അവരോടു സഹകരിച്ച് അഴിമതി വെളിച്ചത്തു കൊണ്ടുവരികയാണു മാന്യതയുള്ളവർ ചെയ്യേണ്ടത്. അഴിമതി ഏതുതരത്തിലുള്ളതായാലും ആരു നടത്തിയാലും കത്തോലിക്കാ കോൺഗ്രസ് അംഗീകരിക്കില്ല. അഴിമതി നടത്തുന്നവർ എത്ര ഉന്നതരായാലും നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്നു ശിക്ഷിക്കേണ്ട ഉത്തരവാദിത്തം സർക്കാരിനുണ്ടെന്നും പ്രസ്താവന പറയുന്നു.

മദ്യനയം അട്ടിമറിക്കാൻ വീണ്ടും നീക്കം:

റവ.ഡോ. വർഗീസ് വള്ളിക്കാട്ട്

കൊച്ചി: സംസ്ഥാന സർക്കാരിന്റെ പുതുക്കിയ മദ്യനയവും അട്ടിമറിക്കാൻ നീക്കം നടക്കുന്നുവെന്നു കേരള കത്തോലിക്കാ മെത്രാൻ സമിതി(കെസിബിസി) ഡപ്യൂട്ടി സെക്രട്ടറി റവ. ഡോ. വർഗീസ് വള്ളിക്കാട്ട് കുറ്റപ്പെടുത്തി. പൊതുസമൂഹം അംഗീകരിച്ച ആദ്യത്തെ മദ്യനയത്തിൽനിന്നു സർക്കാർ പിന്നോട്ടുപോയി. ഇപ്പോഴത്തെ മദ്യനയത്തിലെ ജനവിരുദ്ധ നിർദേശങ്ങൾക്കെതിരേ കെസിബിസി മദ്യവിരുദ്ധ സമിതി ഉൾപ്പെടെ സമരം തുടരുകയാണ്. ചില നല്ല വശങ്ങളുള്ള പുതിയ മദ്യനയവും ഇല്ലാതാക്കാൻ ഗൂഢാലോചന നടക്കുന്നുണ്ട്. മന്ത്രിസഭയിലെ ഒരാൾക്കെതിരേ മാത്രം ആരോപണം ഉന്നയിക്കുകയും മറ്റു പലർക്കുമെതിരെ അഴിമതിക്കു തെളിവുകളുണ്ടെന്നു പ്രസ്താവനയിറക്കുകയും ചെയ്യുന്നവരുടെ വിശ്വസനീയതയിൽ സമൂഹത്തിനു സംശയമുണ്ട്. ആരോപണങ്ങൾ വിശ്വസനീയമെന്നു തെളിയിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. സമൂഹത്തിൽ വിശ്വസനീയരായ ആളുകളല്ല ആരോപണം ഉന്നയിച്ചിട്ടുള്ളത്.

സർക്കാരിൽ സമ്മർദം ചെലുത്തി മാറ്റം വരുത്തിയ മദ്യനയവും ബാറുടമകൾക്കു തൃപ്തികരമല്ല. അവർ ഉദ്ദേശിക്കുന്ന രീതിയിലുള്ള മദ്യനയം കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഇപ്പോൾ ഇവർ സർക്കാരിനുമേൽ ആരോപണങ്ങൾ ഉന്നയിച്ചു സമ്മർദം ചെലുത്താൻ ശ്രമിക്കുന്നത്. അതുകൊണ്ടുതന്നെ ഇത്തരക്കാരുടെ ആരോപണങ്ങൾ എത്രത്തോളം വിശ്വസനീയമാണെന്നു സംശയമുണ്ട്.

തെളിയിക്കപ്പെടാത്ത ആരോപണത്തിന്റെ പേരിൽ മന്ത്രി കെ.എം. മാണി രാജിവയ്ക്കണമെന്നു പറയുന്നത് ഉചിതമല്ലെന്നും റവ. ഡോ. വള്ളിക്കാട്ട് വ്യക്തമാക്കി.

റബർ വിലയടിവ്– സർക്കാരും റബർ ബോർഡും വ്യാപാരികളും കർഷകരെ വഞ്ചിക്കുന്നു:

ഇൻഫാം

കോട്ടയം: സർക്കാരും റബർ ബോർഡും വ്യാപാരികളും ഒത്തുചേർന്ന് റബർ കർഷകരെ വഞ്ചിക്കുകയാണെന്നും 130 രൂപയ്ക്ക് റബർ സംഭരിക്കുമെന്ന് വ്യവസായികളും വൻകിട വ്യാപാരികളുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം മുഖ്യമന്ത്രി നടത്തിയ പ്രഖ്യാപനം അട്ടിമറിക്കപ്പെട്ടിരിക്കുന്നുവെന്നും സർക്കാർ നിലപാട് വ്യക്തമാക്കണമെന്നും ഇൻഫാം ദേശീയസമിതി.

നാലാം ഗ്രേഡ് റബറിന് കുറഞ്ഞവില 2015 മാർച്ച് 31 വരെ കിലോഗ്രാമിന് 130 രൂപയാണെന്ന് പ്രഖ്യാപിച്ചിട്ട് ഏതാനും ദിവസങ്ങൾ മാത്രം പിന്നിട്ടിരിക്കുമ്പോൾ ഗ്രേഡ് റബറിന് 114 രൂപയ്ക്കാണ് ചെറുകിട വ്യാപാരികൾ കർഷകരിൽ നിന്നു വാങ്ങുന്നത്. പ്രഖ്യാപനത്തിനുശേഷം രണ്ടുദിവസം മാത്രമാണ് 126.5 രൂപയ്ക്ക് വിപണിയിൽ കർഷകർ റബർ വിറ്റഴിച്ചത്. മാധ്യമങ്ങളിൽ റബർ ബോർഡ് പറയുന്ന വില 130.5 ആയിരിക്കുമ്പോൾ വ്യാപാരിവില 118 രൂപ മാത്രമാണ്. സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനം കർഷകരെ വിഢികളാക്കുന്ന അടവുനയം മാത്രമായിരുന്നുവെന്നും രണ്ടുദിവസം കൊണ്ട് വൻകിട വ്യാപാരികൾക്ക് കർഷകരിൽ നിന്നും കുറഞ്ഞ വിലയ്ക്ക് ശേഖരിച്ചുവച്ചിരുന്ന വൻ റബർസ്റ്റോക്ക് 130 രൂപയ്ക്ക് വ്യവസായികൾക്കു വിറ്റഴിക്കുവാൻ സർക്കാർ ഇടനിലക്കാരായി അവസരമൊരുക്കുകയായിരുന്നുവെന്ന് ഇൻഫാം ആരോപിച്ചു.

റബർ കർഷകർ നേരിടുന്ന ഗുരുതര പ്രതിസന്ധിയിൽ അടിയന്തര ഇടപെടലുകൾ നടത്താതെ കേന്ദ്രസർക്കാർ മുഖം തിരിഞ്ഞുനിൽക്കുന്നതും വഴിപാടുസമരങ്ങൾക്കുശേഷം രാഷ്ട്രീയ പാർട്ടികൾ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടിയിരിക്കുന്നതും ദുഃഖകരമാണെന്നും ദേശീയ ഭാരവാഹികൾ പറഞ്ഞു.

മതേതരത്വത്തിന് നേരെയുള്ള വെല്ലുവിളി ഭാരതത്തിന്റെ ആത്മാവിനെ മുറിപ്പെടുത്തും:

ഷെവലിയർ വി.സി.സെബാസ്റ്റ്യൻ

കൊച്ചി: ഇന്ത്യൻ ഭരണഘടനയുടെ സോഷ്യലിസ്റ്റ് മതേതര പരാമർശങ്ങൾ കേന്ദ്രസർക്കാർ പരസ്യത്തിൽ നിന്ന് ഒഴിവാക്കിയത് കുറ്റകരമായ അനാസ്ഥയാണെന്നും മതേതരത്വത്തിന് നേരെയുള്ള വെല്ലുവിളി ഭാരതത്തിന്റെ ആത്മാവിനെ മുറിപ്പെടുത്തുമെന്നും ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി നാഷണൽ കൗൺസിൽ സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ. വി.സി.സെബാസ്റ്റ്യൻ.

മതനിരപേക്ഷതയാണ് ഭാരതത്തിന്റെ മുഖമുദ്ര. നാനാത്വത്തിൽ ഏകത്വമാണ് ഈ നാടിന്റെ ആത്മാവ്. ലോകരാഷ്ട്രങ്ങൾക്കുമുമ്പിൽ ഇന്ത്യയുടെ അന്തസും അഭിമാനവും ഉയർത്തിപ്പിടിക്കുന്നതും ആദരവോടെ ലോകജനത നോക്കിക്കാണുന്നതും ഭാരതത്തിന്റെ മതേതരമുഖവും ആർഷഭാരത സംസ്കാരവുമാണ്. വിശ്വാസങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും വ്യത്യസ്തതയുള്ളപ്പോഴും പരസ്പരസ്നേഹവും സൗഹൃദവും വെച്ചുപുലർത്തുന്ന വിവിധ മതങ്ങളുടെ ഐക്യത്തിലും സ്നേഹകൂട്ടായ്മയിലും വിഷബീജം കുത്തിവയ്ക്കാൻ ശ്രമിക്കുന്നത് അപലപനീയമാണെന്ന് വി.സി.സെബാസ്റ്റ്യൻ സൂചിപ്പിച്ചു.

മതേതരപരാമർശങ്ങൾ ഒഴിവാക്കിയതിനെ കേന്ദ്രസർക്കാർ ന്യായീകരിക്കുന്നത് ലജ്ജാകരവും ഓരോ ഭാരതീയനോടുമുള്ള വെല്ലുവിളിയാണ്. ജനാധിപത്യ പ്രക്രിയയിലൂടെ ഭൂരിപക്ഷം നേടി അധികാരത്തിലേറിയ സർക്കാരിനെ മാനിക്കുന്നവരാണ് ഇന്ത്യയിലെ ക്രൈസ്തവസമൂഹം. ഇതിന് ശക്തിയേകുന്നത് ഭരണഘടനയുടെ വൈശിഷ്ഠ്യമാണ്. അധികാരധാർഷ്ഠ്യത്തിൽ ഇതര മതവിഭാഗങ്ങളെ അടിച്ചമർത്താനും മതേതരമൂല്യങ്ങളെ അട്ടിമറിക്കാനുമുള്ള ശ്രമങ്ങൾ എതിർക്കപ്പെടുമെന്നും ഷെവലിയർ വി.സി.സെബാസ്റ്റ്യൻ പറഞ്ഞു.

മതേതര സ്വഭാവം; ക്രൈസ്തവർ ഭീഷണിക്കു വഴങ്ങില്ല: മാർ ക്ലിമ്മീസ് ബാവാ

ന്യൂഡൽഹി: വിശ്വാസവും രാജ്യത്തിന്റെ മതേതര ജനാധിപത്യസ്വഭാവവും സംരക്ഷിക്കുന്നതിൽ രാജ്യത്തെ ക്രൈസ്തവർ ആരുടെയും സമ്മർദ്ദത്തിനോ ഭീഷണിയ്ക്കോ വഴങ്ങില്ലെന്ന് കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇൻഡ്യ (സിബിസിഐ)അധ്യക്ഷൻ ഇടയലേഖനത്തിലൂടെ വ്യക്തമാക്കി.

ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യവും ജനാധിപത്യവും മൗലാകാവകാശങ്ങളും സംരക്ഷിക്കാനാണ് ക്രൈസ്തവർ ശ്രമിക്കുന്നതെന്നു രാജ്യത്തെ എല്ലാ കത്തോലിക്കാ ദൈവാലയങ്ങളിലും വായിക്കാൻ ലഭ്യമാക്കിയ ഇടയലേഖനത്തിൽ കർദ്ദിനാൾ ബസേലിയോസ് ക്ലിമീസ് കാതോലിക്കാ ബാവാ വ്യക്തമാക്കി. സഭയുടെ അംഗങ്ങളും രാഷ്ട്രത്തിലെ പൗരന്മാരുമെന്ന നിലയിൽ വിശ്വാസസംരക്ഷണത്തിനും രാജ്യത്തിന്റെ ഐക്യത്തിനും പുരോഗതിക്കുമായി ജീവൻ ബലികഴിക്കുവാൻ ക്രൈസ്തവർ തയ്യാറാണ്. ഭീഷണിയുടെയോ അക്രമത്തിന്റെയോ പേരിൽ ദൈവരാജ്യം പ്രഘോഷിക്കുകയെന്ന ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനാവില്ല. മഹത്തായ രാജ്യത്തെ പൗരന്മാരെന്ന നിലയിൽ രാജ്യത്തിന്റെ സമഗ്രവികസനത്തിനായി ക്രൈസ്തവർ ഒരുമിച്ചു പ്രവർത്തിക്കണം.

സാധുക്കളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനത്തിൽ കൂടുതൽ ഊർജ്ജിതമായ പ്രവർത്തനം വേണം. കത്തോലിക്കാവിശ്വാസത്തിലുള്ള ദളിതരുടെയും പിന്നാക്കക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ക്ഷേമത്തിൽ കൂടുതൽ ജാഗ്രതവേണം. ഐക്യം, സാഹോദര്യം, സഹിഷ്ണുത, സമാധാനം, മതേതരത്വം, നീതി തുടങ്ങിയ മൂല്യങ്ങൾ യുവജനങ്ങളിൽ വളർത്താൻ നടപടിയുണ്ടാവണം. എല്ലാ ക്രൈസ്തവവിഭാഗങ്ങളും ചേർന്ന് പ്രാർത്ഥനായജ്ഞങ്ങൾ സംഘടിപ്പിക്കണം. ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ പ്രധാനമന്ത്രിയുടെ അടിയന്തിര ഇടപെടൽ വേണമെന്നും ഇടയലേഖനത്തിൽ മാർ ക്ലിമീസ് ബാവ വ്യക്തമാക്കി. ക്രൈസ്തവ ദേവാലയങ്ങൾക്കുനേരെ പല സംസ്ഥാനങ്ങളിലുമുണ്ടായ അക്രമങ്ങളുടെയും പുനർമതപരിവർത്തന വിവാദത്തിന്റെയും പശ്ചാത്തലത്തിൽ സിബിസിഐ കഴിഞ്ഞ 20ന് സംഘടിപ്പിച്ച ആലോചനായോഗത്തിനു ശേഷമുള്ളതാണ് ഇടയലേഖനം.

തിരുസഭയുടെ നാളത്തെ വളർച്ച പ്രൊഫഷണൽസിലൂടെ: മാർ മാത്യു അറക്കൽ

തിരുസഭയുടെ നാളത്തെ വളർച്ച പ്രൊഫണൽസിലൂടെയാണെന്ന് മാർ മാത്യു അറക്കൽ. സി.ബി. സി.ഐ.യുടെ അല്മായ കമ്മീഷൻ ചെയർമാനായ അഭിവന്ദ്യപിതാവ് പ്രൊഫഷണൽസിന്റെ ഇടയിൽ സുവിശേഷവത്കരണ പ്രവർത്തനങ്ങൾ നടത്തുന്ന കമ്യുണിറ്റി ഫിദേയിയുടെ വാർഷിക വിലയിരുത്തലിലാണ് ഇങ്ങനെ പറഞ്ഞത്. സമൂഹം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി വിശ്വാസത്തിലുള്ള കുറവാണ്. യൂറോപ്പിലേതുപോലെയുള്ള ഈ വലിയ അപകടം ഇവിടെയും ഉണ്ടാകാം. എന്നാൽ പ്രൊഫഷണൽസ് വിശ്വാസത്തിൽ ആഴപ്പെടുകയും ഒപ്പം അവർ വിശ്വാസസംരക്ഷണത്തിനായി വലിയ നീക്കങ്ങൾ നടത്തുകയും ചെയ്യുമ്പോൾ നല്ല ഫലങ്ങൾ ഉണ്ടാകുന്നുമെന്നത് വലിയ പ്രത്യാശ നൽകുന്നു. കമ്യൂണിറ്റി ഫിദേയിയുടെ പ്രവർത്തനങ്ങളെ ഞാനും തിരുസഭയും നിറഞ്ഞ സംതൃപ്തിയോടെയാണ് കാണുന്നതെന്ന് കമ്യൂണിറ്റി ഫിദേയിയുടെ രക്ഷാധികാരി കൂടിയായ അഭിവന്ദ്യ പിതാവ് കൂട്ടിച്ചേർത്തു. അഭിവന്ദ്യ പിതാവ് കമ്യുണിറ്റി ഫിദേയിയുടെ തീം സോങ് റിലീസ് ചെയ്യുകയും തുടർന്ന് ഒരു വർഷം മുഴുവൻ സുവിശേഷവത്കരണ പ്രവർത്തനങ്ങൾക്കായി മദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നതിനായി തയ്യാറാക്കിയ ജപമാല കലണ്ടർ ആശീർവ്വദിയ്ക്കുകയും ടീം അംഗങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.

വാർഷിക വിലയിരുത്തലിൽ കമ്യൂണിറ്റി ഫിദേയി പ്രൊഫഷണൽസിനായി നടത്തിയ പ്രോഗ്രാമുകളിൽ പങ്കെടുത്തവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയുണ്ടായി. ഇൻഡ്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ. വി.സി. സെബാസ്റ്റ്യൻ യോഗത്തിൽ സന്നിഹിതനായിരുന്നു. കമ്യൂണിറ്റി ഫിദേയിയുടെ പ്രവർത്തനങ്ങൾക്ക് ആശംസകളർപ്പിച്ചുകൊണ്ട് മോൺ. ജോസ് നവസ് (സ്പിരിചൽ ഫാദർ, കമ്മ്യൂണിറ്റി ഫിദേയി), റവ. ഡോ.ജോസ് പാലക്കീൽ (വൈസ് ജനറാൾ, എം.എസ്.ടി), റവ. ഫാ. ബിനു സി.എഫ്. ഐ.സി. (പ്രൊവിഷ്യാൾ കൗൺസിലർ സി.എഫ്. എ.സി.). റവ.ഫാ. പോൾ വടക്കുംമുറി, സി.എം.ഐ. (സ്പിരിചൽ ഫാദർ കമ്യൂണിറ്റി ഫിദേയി) എന്നിവർ സംസാരിച്ചു. കമ്യൂണിറ്റി ഫിദേയിയുടെ പ്രസിഡന്റായ ഡോ. മെൻഡസ് ജേക്കബ് സ്വാഗതവും സ്പിരിചൽ ഫാദറായ റവ.ഫാ.ജെയിംസ് കോഴിമല നന്ദിയും പറഞ്ഞു.

കഴിഞ്ഞ ഒരു വർഷത്തിലധികമായി 500- ലധികം പ്രൊഫഷണൽസിനും, 600-ലധികരം അധ്യാപകർക്കും, 12000-ലധികം വിദ്യാർത്ഥികൾക്ക് സ്കൂൾ, കോളേജ് തലങ്ങളിലും സുവിശേഷവത്കരണ പ്രോഗ്രാമുകൾ ചെയ്യുവാൻ കമ്യൂണിറ്റി ഫിദേയിക്ക് കഴിഞ്ഞു. മിഷൻ ഫിദേയിയുടെ ഭാഗമായി രണ്ടുതവണ ടീമിൽ നിന്നും ശ്രീ. ജീബി.ജോസഫ് കെനിയയിൽ ഫിയാത്ത് മിഷനൊപ്പം ബഹുമാനപ്പെട്ട സി.എം.ഐ. വൈദികരുടെ ക്ഷണപ്രകാരം മിഷൻ പ്രവർത്തനങ്ങൾക്കായി പോയിരുന്നു. മദ്ധ്യസ്ഥ പ്രാർത്ഥനാവശ്യങ്ങൾ എസ്.എം. എസിലൂടെ അറിയിച്ചാൽ അതിനായി പ്രാർത്ഥിക്കുന്ന 1500 പേരടങ്ങുന്ന ഒരു വെർചൽ നെറ്റ്വർക്കും ആരംഭിച്ചു കഴിഞ്ഞു. ആഫ്രിക്കയിലെ മിഷൻ പ്രവർത്തനങ്ങൾക്കായി ഒരു ലക്ഷം ജപമാല ശേഖരിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ പ്രോഗ്രാം നടത്തിയ സ്ഥാപനങ്ങളിൽ ‘ ഓരാ ഫിദേയി ’ എന്ന മദ്ധ്യസ്ഥ പ്രാർത്ഥന കൂട്ടായ്മയും തുടങ്ങിയിട്ടുണ്ട്.

തിരിഞ്ഞു നോക്കുമ്പോൾ ഒരു വർഷത്തിനിടെ കമ്മ്യൂണിററി ഫിദേയിയെ ഈശോ വളർത്തിയത് അത്ഭുതത്തോടെയും വളരെ പ്രതീക്ഷയോടെയുമാണ് യോഗത്തിലെത്തിവർ നോക്കികണ്ടത്. സഭാത്മകമായി പ്രവർത്തിക്കാൻ സാധിക്കുന്നതും, അഭിവന്ദ്യ പിതാവിന്റെയും സ്പിരിചൽ ഫാദേഴ്സിന്റെയും സ്നേഹോഷ്മളമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഇടപെടലുകളുമാണ് പരിശുദ്ധാത്മവിന്റെ അഭിഷേകത്തോടെ ദൈവവചനം പങ്കുവയ്ക്കുവാനും അനേകരെ ക്രിസ്താനുഭവത്തിലേക്ക് കൊണ്ടുവരുവാനും ഈ കമ്യൂണിറ്റിയെ മുന്നോട്ടു നയിക്കുന്നതെന്ന് പ്രസിഡന്റ് ഡോ. മെൻഡസ് ജേക്കബ് പറഞ്ഞു. വാർഷിക വിലയിരുത്തലിനോടനുബന്ധിച്ച് നടത്തിയ ദ്വിദിന പ്രോഗ്രാമിൽ മോൺ. ജോസ് നവസ്, റവ. ഫാ.ബിനു സി.എഫ്.ഐ.സി. എന്നിവർ. ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. ശ്രീ. ജിബി ജോസഫ്, ബ്രദർ സന്തോഷ് ടി. ക്രിസ്റ്റിൻ ഡോ. മെൻഡസ് ജേക്കബ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നയിച്ചു. റവ.ഫാ. ജെയിംസ് കോഴിമല വചനം പങ്കുവയ്ക്കുകയും ദിവ്യകാരുണ്യ ആരാധന നയിക്കുകയും ചെയ്തു. പുതിയ വർഷത്തിൽ പ്രത്യാശയോടെ പുത്തൻ ഉണർവ്വോടെ, ക്രിസ്തുവിന്റെ സ്വപ്നങ്ങൾ പരിശുദ്ധാത്മ ശക്തിയിൽ യാഥാർത്ഥ്യമാക്കുവാൻ പ്രാർത്ഥനയുടെ ഐക്യത്തിൽ തീരുമാനമെടുത്തുകൊണ്ട് ദ്വിദിന പ്രോഗ്രാമിന് തിരശ്ശീല വീണു.

More than 6 million attend largest Papal Mass in history

Philippines, January 19, 2015: More than six million people in Manila have attended what is thought to be the largest Papal Mass in history, reports The Catholic Herald.

Vatican spokesman, Fr Federico Lombardi SJ, said Filipino authorities estimated between six and seven million attended the Mass in Rizal Park on the last full day of the Pope's four-day visit to Asia's largest Catholic nation.

"We are not able to count all these people, obviously, or to verify this, but in any case, we have seen so many people that we believe that it is possible," Fr Lombardi said during a briefing, according to Reuters.

"If this is true, and we think it is, this is the largest event in the history of the popes."

Celebrating the feast of the Santo Niño, or Holy Child, Francis described the Christ Child as "the protector of this great country."

He said: "When he came into the world, his very life was threatened by a corrupt king. Jesus himself needed to be protected. He had an earthly protector: St Joseph. He had an earthly family, the Holy Family of Nazareth. So he reminds us of the importance of protecting our families, and those larger families which are the Church, God's family, and the world, our human family.

"Sadly, in our day, the family all too often needs to be protected against insidious attacks and programmes contrary to all that we hold true and sacred, all that is most beautiful and noble in our culture."

Gujarat riots: US court dismisses case against Modi

New York, January 15, 2015: A US court has dismissed a lawsuit accusing Prime Minister Narendra Modi of failure to control the 2002 Gujarat riots, saying as a sitting head of government he was entitled to immunity.

In dismissing the case filed by human rights group American Justice Centre (AJC) in New York, US District Judge Analisa Torres Wednesday upheld the US Department of State's determination regarding immunity for Modi.

A "sitting head of state's immunity from jurisdiction is based on the Executive Branch's determination of official immunity without regard to the specific conduct alleged," she ruled.

Torres dismissed the plaintiffs' argument that the Foreign Sovereign Immunities Act provided immunity only to foreign states and not to individual government officials and Modi was not entitled to common law immunity as the alleged acts took place before he became Prime Minister.

AJC filed the lawsuit against Modi under the Torture Victim Protection Act of 1991 and Alien Tort Statute in September on the eve of his first visit to the US.

The dismissal of the case comes ahead of President Barack Obama's second trip to India to be the chief guest at India's Republic Day celebrations.

The lawsuit alleged Modi did nothing to control riots in his home state of Gujarat in 2002. Though Indian courts have cleared Modi, the allegations led the US to revoke his US visa in 2005.

But Obama overturned the ban by quickly inviting Modi to the US after Modi's election as prime minister.

- ians

Indian Catholics to re-open England's closed church

India, January 15, 2015: India's Syro-Malabar Catholics will take over a historic church in Preston that was closed two months ago.St Ignatius' Church will re-open after the Bishop of Lancaster offered it to Syro-Malabar Catholics.

St Ignatius' Church, opened in 1836, was due to be merged with the nearby English Martyrs Church because of a shortage of priests. Parishioners said they were stunned by the decision.

But on New Year's Eve, Bishop Michael Campbell received a letter from Cardinal George Alencherry requesting a church and presbytery for Syro-Malabar Catholics under the charge of Father Mathew Jacob Choorapoikayil.

Bishop Campbell said: "I readily welcomed this request from Cardinal Alencherry, Major Archbishop of the Syro-Malabar Church, as I believe that St Ignatius church and presbytery will be a wonderful and vibrant centre for the St Thomas (Syro-Malabar) Catholics in Preston."

There are an estimated 17,000 Syro-Malabar Catholics in England, with four million worldwide. The Church traces its origins to the Apostle Thomas, who according to tradition travelled to Kerala in AD52. The Church has had a chaplaincy in Lancaster since 2004, and there are more than 100 Syro-Malabar families in Preston.

New parish priest Fr Mathew Jacob Choorapoikayil said, "We're very pleased to have our first church in England."

The community has grown out of the local hospital which employed migrants. Fr Matthew added that Bishop Campbell and his predecessor Bishop Patrick O'Donoghue "have been very good to us, have welcomed us and given us our opportunity". He also said that there would be an official opening Mass announced shortly.

Appealing to the Catholics of Preston, Bishop Campbell said: "I am hopeful that local Catholics will genuinely rejoice in what is both an imaginative – and surprising – decision and will be proactive in their support of our brother and sister Syro-Malabar Catholics going forward."

- catholic herald

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

50

സഭൈക്യം

(കഴിഞ്ഞ ലക്കം തുടർച്ച)......

നമ്മുടെ വേർപിരിഞ്ഞ സഹോദരങ്ങൾ, വ്യക്തികളാകട്ടെ, അവരുടെ സമൂഹങ്ങളാകട്ടെ, സഭകളാകട്ടെ, അവർ എല്ലാവരും ക്രിസ്തുവഴിയായി ഒരേ ശരീരത്തിൽ പുനർജനനം പ്രാപിച്ചവരും അവിടുത്തോടുകൂടി ആ നൂതന ജീവിതത്തിലേയ്ക്ക് നയിക്കപ്പെട്ടവരുമാണെങ്കിലും തങ്ങളിൽ നിക്ഷേപിക്കാൻ ക്രിസ്തു ആഗ്രഹിച്ചതും വേദപുസ്തകവും സഭയുടെ പൗരാണിക പാരമ്പര്യവും ഉദ്ഘോഷിക്കുന്നതുമായ ആ ഐക്യത്തിൽ ആവർ അനുഗ്രഹീതരല്ല; എന്തെന്നാൽ കാതോലികമായ ക്രിസ്തുവിന്റെ സഭയാണ് രക്ഷാകരമായ എല്ലാ മാർഗ്ഗങ്ങളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് അവളിൽക്കൂടിമാത്രമേ രക്ഷയ്ക്കാവശ്യമുള്ളവയെല്ലാം അവയുടെ പരിപൂർണ്ണതയോടുകൂടി സമ്പാദിക്കാൻ സാധിക്കുകയുള്ളൂ. **പത്രോസ് തലവനായുള്ള ശ്ലീഹന്മാരുടെ സമൂഹത്തെയാണ് നമ്മുടെ കർത്താവ് പുതിയ ഉടമ്പടിയുടെ എല്ലാ നിക്ഷേപങ്ങളും ഏൽപ്പിച്ചിരിക്കുന്നതെന്ന് നാം വിശ്വസിക്കുന്നു. ഇതു ക്രിസ്തുവിന്റെ ഏക ശരീരത്തെ ഭൂമിയിൽ കെട്ടിപ്പടുക്കാനാണ്.** ഏതെങ്കിലും തരത്തിൽ ദൈവജനം എന്നനാമത്തിനു പാത്രമായിട്ടുള്ളവരെല്ലാം ഇതിനോടു പരിപൂർണ്ണമായി ഐക്യം

പ്രാപിച്ചിരിക്കണം. ഈ ദൈവജനം ഈ ലോകത്തിൽക്കൂടിയുള്ള തീർത്ഥയാത്രയിൽ അതിന്റെ അംഗങ്ങളെ സംബന്ധിച്ചിടത്തോളം പാപത്തിനധീനമെങ്കിലും ക്രിസ്തുവിൽ എപ്പോഴും വളർന്നുകൊണ്ടേയിരിക്കുന്നു. ആനന്ദത്തോടുകൂടി സ്വർഗ്ഗീയോർശ്ലേത്തിൽ ദൈവജനം പൂർണ്ണമായ നിത്യമഹത്വം പ്രാപിക്കുന്നതുവരെ നിഗൂഢമായ ഒരു ദൈവിക പദ്ധതി അനുസരിച്ച് അവിടുന്ന് ആ ജനത്തെ ശോഭനമായി നയിച്ചുകൊണ്ടിരിക്കുന്നു.

4. **സഭൈക്യം**-ക്രിസ്തു ആഗ്രഹിക്കുന്ന ആ ഐക്യത്തിന്റെ പൂർണ്ണത കൈവരാൻ പരിശുദ്ധാരൂപിയുടെ പ്രസാദവരത്തിന്റെ പ്രേരണയാൽ പ്രാർത്ഥന, പ്രസംഗം, പ്രവർത്തനം, എന്നിവ മുഖേന വളരെയധികം സംരംഭങ്ങൾ ഇതു ലോകമെങ്ങും ആരബ്ദമായിട്ടുണ്ട്. കാലത്തിന്റെ ചുവരെഴുത്തുകൾ കണക്കിലെടുത്തുകൊണ്ട് സഭൈക്യപ്രവർത്തനങ്ങളിൽ സജീവമായും, ധിഷണാപ്രഭാവത്തോടുകൂടിയും എല്ലാ കത്തോലിക്കരും പങ്കെടുക്കണമെന്ന് കൗൺസിൽ ഉപദേശിക്കുന്നു.

സഭൈക്യപ്രസ്ഥാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സഭയുടെ വിവിധാവശ്യങ്ങളും കാലാനുസൃതമായ അവസരങ്ങളും മുൻനിർത്തി ക്രൈസ്തവൈക്യം വളർത്താനും ക്രമീകരിക്കാനും അവലംബിക്കുന്ന എല്ലാ പ്രവർത്തനങ്ങളും പരിശ്രമങ്ങളാണ്. ഇവ താഴെ പറയുന്നവയാണ്: ഒന്ന്-വേർപെട്ട സഹോദരങ്ങളുടെ സ്ഥിതി സത്യത്തിനും നീതിക്കും നിരക്കാത്ത വിധത്തിൽ പരിഗണിക്കുകയും തന്മൂലം അവരുമായുള്ള ബന്ധം കൂടുതൽ ദുഷ്കരമാക്കുകയും ചെയ്യുന്ന അഭിപ്രായങ്ങൾ, തീരുമാനങ്ങൾ, പ്രവർത്തനങ്ങൾ മുതലായവ പരിവർജിക്കുന്നതിനുള്ള എല്ലാ യത്നങ്ങളും; രണ്ട്-വിവിധ സഭാവിഭാഗങ്ങളിൽ നിന്നും സമൂഹങ്ങളിൽ നിന്നും തക്ക പ്രാവീണ്യം സിദ്ധിച്ചവർ തമ്മിലുള്ള 'ഡയലോഗ്'. മതചൈതന്യത്തോടുകൂടി സംഘടിപ്പിക്കപ്പെടുന്ന ഇങ്ങനെയുള്ള സമ്മേളനങ്ങളിൽ ഓരോരുത്തനും സ്വന്തം സഭാവിഭാഗത്തിന്റെ സിദ്ധാന്തങ്ങൾ വിശദീകരിക്കണം. അവ അതതു വിഭാഗത്തിന്റെ വ്യതിരിക്തവും വ്യക്തവുമായ സ്വഭാവം വെളിവാക്കുന്നതുമായിരിക്കണം. ഇങ്ങനെയുള്ള ഡയലോഗ് വഴി ഓരോരുത്തനും ഇതരവിഭാഗങ്ങളുടെ പഠനങ്ങളും മതജീവിതവും സംബന്ധിച്ച് കൂടുതൽ ശരിയായ ജ്ഞാനം സമ്പാദിക്കുകയും അവയെ കൂടുതൽ നീതിയുക്തമായി വിലയിരുത്തുകയും ചെയ്യുന്നു. അതേസമയം വിശാലമായ ഒരു സഹകരണത്തിനുള്ള വഴിതെളിയുന്നു. ക്രിസ്തീയ മനസാക്ഷി ആവശ്യപ്പെടുന്നതും പൊതുനന്മയ്ക്കാവശ്യമുള്ളതുമായ പ്രവർത്തനങ്ങളിലേയ്ക്ക് നയിക്കുന്നതുമാണ് ഈ വഴി. കൂടാതെ ഈ ഡയലോഗുകൾ അനുവദിച്ചിട്ടുള്ളിടട്ടെലല്ലാം ഒന്നിച്ചു പ്രാർത്ഥനയോടുകൂടിയാണ് അവർ അതിൽ പങ്കെടുക്കുന്നത്. അങ്ങനെ സഭയെ സംബന്ധിച്ച് അവരവർക്കു ക്രിസ്തുവിന്റെ മനസ്സിനോടുള്ള വിശ്വസ്തത പരിശോധിക്കാനും ഊർജ്ജസ്വലതയോടെ നവീകരണനവോത്ഥാനപ്രവർത്തനങ്ങൾ ആവശ്യംപോലെ ഏറ്റെടുക്കാനും അവർ തയ്യാറാകുന്നു. **കത്തോലിക്കർ തങ്ങളുടെ മെത്രാന്മാരുടെ മേൽനോട്ടത്തിൽ വിവേകത്തോടും ക്ഷമയോടുംകൂടി ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ നടത്തുമ്പോൾ നീതിയും സത്യവും ഐക്യവും സഹകരണവും, സഹോദരസ്നേഹത്തിന്റെയും യോജിപ്പിന്റെയും ചൈതന്യവും പരിപോഷിപ്പിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ സാവധാനത്തിൽ സഭൈക്യത്തിനുള്ള വിഘ്ലാതങ്ങൾ പൂർണ്ണമായി വിച്ഛേദിക്കുന്നതോടെ എല്ലാ ക്രൈസ്തവർക്കും പൊതുവായ ദിവ്യബലിയർപ്പണത്തിൽ ഒരേ സഭയിൽ ഒരുമിച്ചുകൂടാൻ സാധിക്കും. ഈ ഐക്യമാണ് തുടക്കത്തിൽതന്നെ ക്രിസ്തു തന്റെ സഭയ്ക്കു നൽകിയത്.** ഈ ഐക്യം ഒരിക്കലും നഷ്ടപ്പെടുത്താൻ പാടില്ലാത്ത ഒരു വസ്തുതയായി കത്തോലിക്കാസഭയിൽ സജീവമായി വർത്തിക്കുന്നു എന്ന് നാം വിശ്വസിക്കുന്നു. ലോകാവസാനംവരെ അതു വളർന്നുകൊണ്ടിരിക്കുമെന്നു നാം പ്രത്യാശിക്കുകയും ചെയ്യുന്നു.

കത്തോലിക്കാസഭയിൽ പൂർണ്ണൈക്യത്തിൽ ചേരാൻ ആഗ്രഹിക്കുന്ന വ്യക്തികളുടെ ഒരുക്കവും രമ്യപ്പെടലും സംബന്ധിച്ച യത്നങ്ങളിൽ നിന്നും എക്യുമെനിക്കൽ പ്രസ്ഥാനം സ്വഭാവത്താലെതന്നെ വ്യത്യസ്തമാണ്. എന്നാൽ അവ അന്യോന്യം പൊരുത്തപ്പെടാത്തവയല്ല. കാരണം രണ്ടും ദൈവത്തിന്റെ അത്ഭുതാവഹമായ പരിപാലനയിൽ നിന്നാണ് പുറപ്പെടുന്നത്.

(തുടരും)

കത്തോലിക്കാസഭയിൽ പൂർണ്ണൈക്യത്തിൽ ചേരാൻ ആഗ്രഹിക്കുന്ന വ്യക്തികളുടെ ഒരുക്കവും രമ്യപ്പെടലും സംബന്ധിച്ച യത്നങ്ങളിൽ നിന്നും എക്യുമെനിക്കൽ പ്രസ്ഥാനം സ്വഭാവത്താലെതന്നെ വ്യത്യസ്തമാണ്. എന്നാൽ അവ അന്യോന്യം പൊരുത്തപ്പെടാത്തവയല്ല. കാരണം രണ്ടും ദൈവത്തിന്റെ അത്ഭുതാവഹമായ പരിപാലനയിൽ നിന്നാണ് പുറപ്പെടുന്നത്.

നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).

ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ, സിഎംഐ

പ്രാർത്ഥനാധിഷ്ഠിത ജീവിതം



5

29. നമ്മുടെ പ്രാർത്ഥന ദൈവത്തോടുള്ള യഥാർത്ഥ സ്നേഹവും തീക്ഷണതയും നിറഞ്ഞ പ്രാർത്ഥനയായിരിക്കണം. തന്റെ ഐഹികജീവിതകാലത്തു “കണ്ണീരോടും വലിയ വിലാപത്തോടും കൂടെ പ്രാർത്ഥനകളും യാചനകളും” സമർപ്പിച്ച ചരിത്രമാണ് (ഹെബ്രായർ 5: 7) യേശുവിനുള്ളത്. നാമും അനുകരിക്കേണ്ട ഒരു മാതൃകയാണിത്. ചൂടോ തണുപ്പോ ഇല്ലാത്തവരെപ്പോലെ മന്ദോഷ്ണരായിട്ടാണ് (വെളിപാട് 3:15) നാം പ്രാർത്ഥിക്കുന്നതെങ്കിൽ നമ്മുടെ പ്രാർത്ഥന ദൈവസന്നിധിയിലെത്തുകയില്ല. എന്നാൽ, പൂർണ്ണഹൃദയത്തോടെ നാം അവിടുത്തെ അന്വേഷിച്ചാൽ നാം അവിടുത്തെ കണ്ടെത്തും; അവിടുന്നു നമ്മുടെ പ്രാർത്ഥന ശ്രവിക്കും എന്നു ദൈവവചനം (ജറമിയ 29: 12-13) ഉറപ്പുതരുന്നുണ്ട്. ഇസ്രായേൽ എന്നു ദൈവത്താൽ പേരുവിളിക്കപ്പെട്ട യാക്കോബ് ദൈവവുമായി മല്ലടിച്ച കഥ ഉത്പത്തിയുടെ പുസ്തകത്തിൽ നാം വായിക്കുന്നുണ്ട്. ദൈവമാണെന്നറിയാതെ അവിടുന്നുമായി ഒരു രാത്രിയിൽ മല്പിടിത്തത്തിനു തയ്യാറായ യാക്കോബിനോടു തന്നെ വിടുവാൻ ദൈവം ആവശ്യപ്പെട്ടപ്പോൾ “ എന്നെ അനുഗ്രഹിച്ചട്ടല്ലാതെ അങ്ങയെ ഞാൻ വിടുകയില്ല” എന്നാണു യാക്കോബ് മറുപടി പറഞ്ഞത് (ഉൽപ്പത്തി 32:26). യാക്കോബിനെപ്പോലെ ദൈവത്തെ വിടാതെ മുറുകെ പിടിക്കുവാൻ നമ്മുടെ പ്രാർത്ഥനയിൽ എപ്പോഴും നമുക്കു സാധിക്കുകയാണെങ്കിൽ ദൈവം യാക്കോബിനേക്കാൾ എത്രയധികമായി നമ്മെ അനുഗ്രഹിക്കുമായിരുന്നു!

എപ്പോഴൊക്കെ പ്രാർത്ഥിക്കണം

30. പ്രാർത്ഥനപൂർണമായ ജീവിതം നയിച്ച യേശു പഠിപ്പിക്കുന്നതു “സദാ പ്രാർത്ഥിച്ചുകൊണ്ടു ജാഗരൂകരായിരിക്കുവിൻ” (ലൂക്കാ 21:36) എന്നാണ്. സുവിശേഷത്തിൽ ന്യായാധിപന്റെയും വിധവയുടെയും ഉപമ അവതരിപ്പിച്ചുകൊണ്ട് അവിടുന്നു പറയുന്നതും “നിരാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം” (ലൂക്കാ 18:1) എന്നാണ്. നാം എപ്പോഴും പ്രാർത്ഥിക്കണമെന്നു യേശു ഉപദേശിക്കുകമാത്രമല്ല ചെയ്തത്. അവിടുന്നു തന്റെ ജീവിതത്തിലൂടെ ഇക്കാര്യത്തിൽ നമുക്കു മാതൃക കാണിച്ചുതരുകയും ചെയ്തിട്ടുണ്ട്.

31. യേശു വചനപ്രഘോഷണം ആരംഭിച്ച നാൾ മുതൽ ജനം എപ്പോഴും അവിടുത്തെ പൊതിയുകയായിരുന്നു. എന്നാൽ, അപ്പോഴൊക്കെ **തിരക്കുകളിൽ നിന്നും ഇടക്കിടെ മാറിനിന്ന് പിതാവായ ദൈവവുമായി പ്രാർത്ഥനയിൽ സമയം ചെലവഴിക്കാൻ യേശുവിനു സാധിച്ചിരുന്നു. “ജനക്കൂട്ടത്തെ പിരിച്ചുവിട്ടതിനുശേഷം ഏകാന്തതയിൽ പ്രാർത്ഥിക്കുവാൻ” യേശു മലയിലേക്കു കയറി; “രാത്രിയായപ്പോഴും അവിടുന്നു തനിച്ചായിരുന്നു” എന്നു മത്തായി സുവിശേഷകൻ (14:23) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. “ആളുകളോട് യാത്ര പറഞ്ഞതിനുശേഷം അവൻ പ്രാർത്ഥിക്കുവാൻ മലയിലേക്കു പോയി” (6:46) എന്നാണു മർക്കോസ് സുവിശേഷകൻ എഴുതിയിരിക്കുന്നത്. “യേശുവിന്റെ വാക്കുകൾ കേൾക്കുന്നതിനും രോഗശാന്തി നേടുന്നതിനും വേണ്ടി വളരെ ആളുകൾ തിങ്ങിക്കൂടി; അവനാകട്ടെ വിജന പ്രദേശങ്ങളിലേക്കു പിൻവാങ്ങി അവിടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു” എന്നു ലൂക്കാ സുവിശേഷകനും സാക്ഷ്യം നൽകിയിട്ടുണ്ട് (5:16).**

32. തിരക്കിനും ബഹളത്തിനുമിടയിൽ പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്തിയ യേശു തിരക്കുതുടങ്ങുന്നതിനു മുൻപും പ്രാർത്ഥിച്ചിരുന്നു. മർക്കോസ് സുവിശേഷകൻ എഴുതുന്നു: “അതിരാവിലെ അവൻ ഉണർന്നു ഒരു വിജനപ്രദേശത്തേക്കു പോയി. അവിടെ അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു”(1:35). “ആ ദിവസങ്ങളിൽ അവൻ പ്രാർത്ഥിക്കുവാനായി ഒരു മലയിലേക്കു പോയി. അവിടെ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടു രാത്രി മുഴുവനും ചെലവഴിച്ചു” എന്നാണ് ലൂക്കാ സുവിശേഷകൻ എഴുതിയിരിക്കുന്നത് (6:12).

> **യേശു തന്റെ ദൈനംദിന പ്രവർത്തനത്തിനു മുൻപും പിൻപും പ്രാർത്ഥിച്ചിരുന്നതുപോലെ തന്റെ വിവിധ പ്രവർത്തനങ്ങൾക്കിടയിലും പ്രാർത്ഥിച്ചിരുന്നു.**

33. യേശു തന്റെ ദൈനംദിന പ്രവർത്തനത്തിനു മുൻപും പിൻപും പ്രാർത്ഥിച്ചിരുന്നതുപോലെ തന്റെ വിവിധ പ്രവർത്തനങ്ങൾക്കിടയിലും പ്രാർത്ഥിച്ചിരുന്നു. അങ്ങനെ ഒരവസരത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കു മ്പോഴാണല്ലോ തങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണമെ എന്നു ശിഷ്യന്മാർ അവിടുത്തോട് ആവശ്യപ്പെട്ടത് (ലൂക്കാ 11:1). മറ്റൊരവസരത്തിൽ അവിടുന്നു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഴാണു താൻ ആരാണെന്ന ചോദ്യം ശിഷ്യരോടു ചോദിക്കുവാൻ യേശു തയ്യാറായത് (ലൂക്കാ 9:18).

34. നിരന്തരം പ്രാർത്ഥിക്കണമെന്നു പഠിപ്പിച്ച യേശുവിന്റെ അതേ മനോഭാവമാണ് പൗലോസ് അപ്പസ്തോലനും ഉണ്ടായിരുന്നത്. അദ്ദേഹം എഴുതുന്നു: “എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ. ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണു യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം” (1 തെസ. 5:16-18). ഇടവിടാതെ പ്രാർത്ഥിക്കുവാൻ വിശ്വാസികളെ ഉപദേശിച്ച പൗലോസ് ശ്ലീഹ താൻ നിരന്തരം തന്റെ പ്രാർത്ഥനകളിൽ അവരെ ഓർമ്മിക്കുകയും അവർക്കെല്ലാം വേണ്ടി നന്ദി പറയുകയും ചെയ്യുന്നുണ്ട് എന്നു കൂടി അവരെ അറിയിക്കുന്നുണ്ട് (1 തെസ. 1:2). താൻ നിരന്തരം മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടെന്നു റോമായിലേയും(റോമാ 1: 9) എഫേസൂസിലേയും (എഫേ 1:16) ഫിലിപ്പിയായിലെയും (ഫിലി 1:34) കൊളോസോസിലെയും (കൊള. 1:9) വിശ്വാസികളെയും അദ്ദേഹം അറിയിക്കുന്നുണ്ട്. തിമോത്തിയോസിനെഴുതിയിരിക്കുന്ന ലേഖനത്തിൽ അദ്ദേഹത്തെ രാവും പകലും തന്റെ പ്രാർത്ഥനയിൽ സദാ സ്മരിക്കുന്നതായിട്ടാണു എഴുതിയിരിക്കുന്നത് (2 തിമോ 1:3).

35. നിരന്തരം പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും വ്യക്തമാക്കിക്കൊണ്ട് വിശുദ്ധ പൗലോസ് എഫേസൂസിലെ ജനങ്ങൾക്കെഴുതുന്നതു ഇപ്രകാരമാണ്: “നിങ്ങൾ അപേക്ഷകളോടും യാചനകളോടും കൂടെ എല്ലാ സമയവും ആത്മാവിൽ പ്രാർത്ഥനാനിരതരായിരിക്കുവിൻ. അവിശ്രാന്തം ഉണർന്നിരുന്നു നിരന്തരം എല്ലാവിശുദ്ധർക്കും വേണ്ടി പ്രാർത്ഥിക്കുവിൻ” (എഫേ. 6:18). “കൃതജ്ഞതാഭരിതരായി ഉണർന്നിരുന്നു നിരന്തരം പ്രാർത്ഥിക്കുവിൻ” എന്നു കൊളോസോസുകാർക്കുള്ള ലേഖനത്തിലും (4:2) അദ്ദേഹം എഴുതിയിട്ടുണ്ട്.

(തുടരും)

Dr. P.M. Chacko Palakunnel
Principal, Nirmal Jyothi Institute-
of Counseling and Psychotherapy
Mobile:9746085144

ദാമ്പത്യബന്ധം നിഷേധിക്കപ്പെടുമ്പോൾ

ഇരുപത്തെട്ടുവയസ്സുകാരിയായ ടീനയുടെ മാതാപിതാക്കൾ വിദേശത്ത് ഉന്നത ജോലിയിലാണ്. വളരെ ദരിദ്രമായ അന്തരീക്ഷത്തിൽ ജനിച്ചുവളർന്ന അവരിന്ന് നല്ല സാമ്പത്തിക ഭദ്രതയിലാണ്. മൂന്നു പെൺമക്കളാണുള്ളത്. രണ്ടാമത്തവൾ രേഖ വിവാഹം കഴിച്ചിട്ടു മൂന്നു വർഷമായി. ഒരു കുട്ടിയുണ്ട്. അവൾ ഭർത്താവിന് ദാമ്പത്യബന്ധം നിഷേധിക്കുന്നു എന്ന കാരണത്താൽ പരസ്പരം വഴക്കിലാണ്. പല കൗൺസിലർമാരും കണ്ടശേഷം ശാരീരിക പ്രശ്നമാണെന്നു കരുതി എന്റെയടുത്ത് അയച്ചു. അവളുമായി സംസാരിച്ചുതുടങ്ങിയപ്പോൾ അവൾ തന്റെ ജീവിതം എന്റെ മുമ്പിൽ തുറന്നു.

രേഖയ്ക്ക് മാതാപിതാക്കളോട് കടുത്ത വിദ്വേഷമാണ്. അവർ ഞങ്ങളെ സ്നേഹിച്ചിരുന്നില്ല. അവർക്ക് അവരുടെ കാര്യം മാത്രമേ ശ്രദ്ധയുണ്ടായിരുന്നുള്ളൂ എന്നും പറഞ്ഞു. ഒരു ദിവസം ഒരു ഗ്ലാസ് അറിയാതെ കയ്യിൽനിന്നും താഴെവീണ് പൊട്ടിയതിന് അമ്മ കഠിനമായി ശാരീരിക ഉപദ്രവം ചെയ്തു ശിക്ഷിച്ചു. അറിയാതെ പറ്റിയ ഒരു അബദ്ധത്തിന് അർഹിക്കുന്നതിൽ കൂടുതൽ ശിക്ഷ ലഭിച്ചതിൽ മനംനൊന്ത് തേങ്ങിക്കൊണ്ടിരുന്നപ്പോൾ അച്ചൻ പുറത്തുനിന്നു കയറിവന്നു. എന്തു പറ്റിയെന്നു ചോദിക്കുമെന്നും സാരമില്ലെന്ന് സാന്ത്വനിപ്പിക്കുമെന്നും വിചാരിച്ച് അപ്പന്റെ മുഖത്തേയ്ക്ക് ദയനീയമായി നോക്കി. എത്ര തല്ലിയാലും നീയൊന്നും നന്നാവില്ലെന്നു പറഞ്ഞ് അപ്പൻ ഗൗരവത്തിൽ അമ്മയുടെ അടുത്തേയ്ക്ക് പോയി. കടുത്ത നിരാശയും അപ്പനോടും അമ്മയോടും വർദ്ധിച്ച വിരോധവും അനുഭപ്പെട്ടു. ഇത്തരം പല അനുഭവങ്ങളും മനസിൽ കൂട്ടിവച്ചുകൊണ്ടിരുന്നു. സഹോദരിയോട് വല്ലപ്പോഴും പങ്കുവയ്ക്കുമായിരുന്നു. അവൾ തനിക്കും ഇത്തരം ധാരാളം അനുഭവങ്ങളുണ്ടെന്ന് പറയുമ്പോൾ അപ്പനും അമ്മയും കൊള്ളരുതാത്തവരും സ്നേഹമില്ലാത്തവരും ആണെന്നുള്ള ബോധ്യം സ്ഥിരീകരിക്കപ്പെട്ടുകൊണ്ടിരുന്നു. ഒരു ഓഡിയോ കാസറ്റ് അത്യാവശ്യമായി വന്നപ്പോൾ മറ്റു കാര്യങ്ങൾക്ക് ധാരാളം പണം ധൂർത്തടിക്കുന്ന അമ്മ അതു കൊടുക്കരുതെന്ന് അപ്പനോട് ഉപദേശിക്കുകയും അപ്പൻ കർശനമായി അതു നടക്കുകയില്ലെന്നും പറഞ്ഞു. ഒരു ഡാൻസ് പഠിക്കുന്ന ആവശ്യത്തിനായിരുന്നതിനാൽ കൂട്ടുകാരുടെ മുമ്പിൽ അപമാനിതയുമായി. പത്താം ക്ലാസിൽ ഒരു വർഷം ഹോസ്റ്റലിൽ ആക്കി. വീട്ടിൽ നിന്ന് മാറാൻ സാധിച്ചത് വലിയ അനുഗ്രഹമായി കരുതി. സ്കൂളിൽ എല്ലാ പാഠ്യപാഠ്യേതര വിഷയങ്ങളിലും സമർത്ഥയായി മുന്നേറി. വെള്ളിയാഴ്ച വൈകിട്ട് എല്ലാ കുട്ടികളും വീട്ടിലേയ്ക്ക് പോകാൻ ധൃതികൂട്ടുമ്പോൾ രേഖ മൗനമായി കട്ടിലിൽ കയറിക്കിടക്കും. വീട്ടിൽ പോകുന്നില്ലേയെന്ന് ചോദിച്ചാൽ വയറുവേദനയോ തലവേദനയോ ഛർദ്ദിയോ ആണെന്ന് പറഞ്ഞ് കട്ടിലിൽ തന്നെ കിടക്കും. എല്ലാവരും പോയിക്കഴിയുമ്പോൾ എഴുന്നേറ്റ് സിസ്റ്റർമാരുമായി സംസാരിച്ചും അവരെ സഹായിച്ചും ഹോസ്റ്റലിൽ കഴിയും. സിസ്റ്റർമാർക്ക് അവളെ ഇഷ്ടമായിരുന്നു. ഈ സമയത്ത് സ്കൂളിൽ സ്കിറ്റ് അവതരിപ്പിക്കുന്നതു പഠിപ്പിക്കാൻ ഇരുപത്തിയെട്ടു വയസുള്ള ഒരു ചെറുപ്പക്കാരൻ വന്നു. അവൻ ഇടയ്ക്കിടെ ഇവളുമായി സംസാരിക്കുമായിരുന്നു. ക്രമേണ അവൾ അവളുടെ പ്രശ്നങ്ങൾ മുഴുവൻ തുറന്നുപറഞ്ഞ് അവനുമായി പ്രണയത്തിലായി. അയാൾ പക്ഷെ പല പെൺകുട്ടികളുമായും അടുപ്പമുള്ള ആളാണെന്ന് പിന്നീട് മനസ്സിലായി. ഒരു ദിവസം അവനെ വിളിച്ച് എന്നെ ഇപ്പോൾ കൊണ്ടുപോകാൻ തയ്യാറാണെങ്കിൽ ഞാൻ റെഡിയാണെന്നറിയിച്ചപ്പോൾ അപ്പന്റെയും അമ്മയുടേയും അനുവാദമില്ലാതെ നിന്നെ കൊണ്ടുവന്നിട്ട് എനിക്ക് എന്നാ കിട്ടാനാ എന്നു ചോദിച്ചപ്പോഴാണ് അവന്റെ യഥാർത്ഥ മനസിലിരുപ്പ് മനസ്സിലായത്. ഇടയ്ക്കിടെ നിന്റെ വീട്ടിൽ നിന്ന് എന്ത് ഷെയർ കിട്ടുമെന്ന് അവൻ ചോദിച്ചിരുന്നത് അപ്പോൾ അവൾ ഓർത്തു. നിനക്കൊക്കെ സ്വത്ത് മുഴുവനൊന്നും ഞങ്ങളു തരത്തില്ല. ഞങ്ങളെ നോക്കുന്ന വേറെ ആർക്കെങ്കിലും ഞങ്ങൾ സ്വത്തിന്റെ നല്ലൊരുഭാഗം കൊടുക്കും എന്ന് മാതാപിതാക്കൾ ഇടയ്ക്കിടെ പറയാറുള്ളത് അവൾ ഓർത്തു. അതുകൊണ്ട് സ്വത്തു മോഹിച്ചുകെട്ടുന്നയാൾ അതു കിട്ടുകയില്ലെന്നറിയുമ്പോൾ ഉപേക്ഷിച്ചേക്കാമെന്ന സത്യവും അവൾ തിരിച്ചറിഞ്ഞു.

പിന്നീട് വിദേശത്ത് ഒരു ജോലിവാങ്ങി ഒറ്റയ്ക്കു താമസം തുടങ്ങി. നാട്ടിൽ നിന്നൊരാളെ വിവാഹം കഴിച്ചു. അയാൾ രേഖയുടെ മാതാപിതാക്കൾ താമസിക്കുന്നതിനടുത്തായിരുന്നു ജോലി ചെയ്തിരുന്നത്. അതുകൊണ്ട് വിവാഹം കഴിച്ചശേഷം വീണ്ടും രേഖയുടെ മാതാപിതാക്കൾക്കൊപ്പം താമസിക്കാൻ അയാൾ തീരുമാനിച്ചു. വേറൊരു സ്ഥലം തിരഞ്ഞെടുത്താൽ അത് വളരെയധികം ചിലവിന് കാരണമാകുമെന്നും മനസ്സിലായി. മാതാപിതാക്കളെ ഒട്ടും ഇഷ്ടമില്ലാത്ത അവൾ വീണ്ടും അവരുടെ കൂടെത്താമസിക്കാൻ നിർബന്ധിതയായി. ആദ്യം ഒന്നുരണ്ടുമാസം വലിയ കുഴപ്പമില്ലാതെ പോയി. എന്നാൽ പഴയതുപോലെ തന്നെ അമ്മ നിസ്സാരകാര്യങ്ങൾക്ക് പോലും അവളെ കുറ്റപ്പെടുത്താൻ തുടങ്ങിയപ്പോൾ അവൾ പൊട്ടിത്തെറിച്ചു. ഭർത്താവ് പലപ്പോഴും പ്രശ്നങ്ങൾ ലഘൂകരിക്കാൻ അമ്മയെ പിൻതാങ്ങി സംസാരിക്കുകകൂടി ചെയ്തപ്പോൾ അവളുടെ സമനില തെറ്റി. തന്റെ ഭർത്താവിനെക്കൂടി അമ്മ തെറ്റിദ്ധരിപ്പിച്ച് തനിക്കെതിരാക്കുകയാണെന്ന് അവൾ തരുതി. അവൾ ഭർത്താവിനെ എതിർത്തുസംസാരിക്കുകയും അയാൾക്കൊപ്പം ഉറങ്ങാൻ വിസമ്മതിക്കുകയും ചെയ്തു.

മാതാപിതാക്കൾ സ്നേഹിക്കുന്നില്ല എന്ന തോന്നൽ പല കുട്ടികളിലും ഉണ്ടാകാറുണ്ട്. അത് അവരുടെ കുറ്റമല്ല. വളർച്ചയിലെ ചില ഘട്ടങ്ങളിലുണ്ടാകുന്ന ഒരു സ്വാഭാവിക പ്രതിഭാസമാണത്. അതിനെ തിരിച്ചറിഞ്ഞ് സ്നേഹത്തോടെയും സഹാനുഭൂതിയോടെയും അവരോട് പെരുമാറി തെറ്റിദ്ധാരണകളകറ്റി അവരെ സ്നേഹിക്കുന്നുണ്ട് എന്ന് അവർക്ക് ബോധ്യമുണ്ടാക്കിക്കൊടുക്കുക മാതാപിതാക്കളുടെ കടമയാണ്. അവർ അത്തരം ആരോപണങ്ങളുന്നയിക്കുമ്പോൾ ചെറുത്തുതോൽപ്പിക്കുകയും അവഹേളിക്കുകയും ചെയ്താൽ അവരുടെ മനസ്സിൽ വിദ്വേഷത്തിന്റെയും അവഗണനയുടെയും കാർമേഘങ്ങൾ ഉരുണ്ടുകൂടും. അത് പിന്നീട് ഒരു പക്ഷേ തിരുത്താനാവാതെ വരികയും അത് അവരുടെ ജീവിതത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും. ചിലപ്പോൾ എന്നേക്കാൾ മറ്റുകുട്ടികളോടാണ് കൂടുതൽ ഇഷ്ടം

(ശേഷം അടുത്ത പേജിൽ)

എന്നു തോന്നുന്ന സിബ്ലിംഗ് റൈവൽറി ഉണ്ടായി എന്നും വരാം. പക്ഷെ വിവേകമുള്ള മാതാപിതാക്കൾ അത് ബുദ്ധിപരമായി കൈകാര്യം ചെയ്യും. അത് മാറിയില്ലെങ്കിൽ മക്കൾ തമ്മിലും മാതാപിതാക്കളോടും ശാശ്വതവിരോധത്തിന് കാരണമായിത്തീരും. അങ്ങനെയുള്ള വിരോധം മനസ്സിൽ കൊണ്ടുനടന്നാൽ അത് വിവാഹം കഴിച്ചുകഴിയുമ്പോൾ പങ്കാളിയുടെ മാതാപിതാക്കളുടെ നേരെയും പ്രയോഗിക്കാൻ ഇടവരുകയും വലിയ പ്രശ്നങ്ങൾക്കു വഴിതെളിക്കുകയും ചെയ്യും. നിരന്തരം ഉള്ളിൽ ഇതുമൂലമുണ്ടാകുന്ന സംഘർഷം ആ വ്യക്തിയെ രോഗിയാക്കുകയോ സാമൂഹ്യമായി വികലമാക്കുകയോ ചെയ്തേക്കാം. ഇത്തരം പ്രശ്നങ്ങൾ കണ്ടെത്തിയാൽ സ്വയം പരിഹരിക്കാൻ കഴിയുന്നില്ലെങ്കിൽ കൗൺസിലർമാരുടെ സഹായംതേടി അടിയന്തിരമായി വേണ്ടതു ചെയ്യണം.

കമ്യൂണിസമല്ല, ക്രൈസ്തവ ദർശനം തന്നെ: ഫ്രാൻസീസ് മാർപാപ്പ

കമ്യൂണിസമല്ല, ക്രൈസ്തവ വിശ്വാസമാണ് തന്റെ നിലപാടുകൾക്കു പിന്നിലെന്നു ഫ്രാൻസീസ് മാർപാപ്പ വ്യക്തമാക്കി. പാവങ്ങളോടുള്ള സഹാനുഭൂതിയും ആഗോള സാമ്പത്തിക വ്യവസ്ഥയോടുള്ള എതിർപ്പും കമ്യൂണിസത്താൽ പ്രചോദിതമായതല്ലെന്നും വേദപുസ്തകത്തിൽ നിന്നുതന്നെ ഉടലെടുത്തിട്ടുള്ളതാണെന്നും ആദ്യകാലം മുതൽ സഭ അത് ഉദ്ബോധിപ്പിച്ചുവരുന്നതാണെന്നും അദ്ദേഹം 'ദിസ് ഇക്കോണമി കിൽസ്' എന്ന പുസ്തകത്തിനായി നൽകിയ അഭിമുഖത്തിൽ പറഞ്ഞു. ഉപഭോക്തൃ സംസ്കാരത്തെ നിരന്തരം വിമർശിക്കുന്നതിനാലും പാവങ്ങളുടെ സഭയെന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനാലും യുഎസിലെ യാഥാസ്ഥിതികർ ഫ്രാൻസീസ് മാർപാപ്പയെ മാർക്സിസ്റ്റ് ചിന്താഗതിക്കാരനെന്നു വിശേഷിപ്പിച്ചിരുന്നു. പാവങ്ങളോടുള്ള സഹാനുഭൂതി ക്രൈസ്തവ വിശ്വാസത്തിന്റെ ഉരകല്ലാണെന്നു അദ്ദേഹം പറഞ്ഞു. വിശന്നപ്പോഴും ദാഹിച്ചപ്പോഴും രോഗിയായിരുന്നപ്പോഴും നഗ്നനായിരുന്നപ്പോഴും തന്റെ വിശപ്പകറ്റുകയും തന്നെ ശുശ്രൂഷിക്കുകയും ഉടുപ്പിക്കുകയും ചെയ്തു സഹായിച്ചുവെന്നു കസു വിശേഷത്തിൽ പറഞ്ഞിട്ടുള്ളതും പാപ്പ ചൂണ്ടിക്കാട്ടി.
പാവങ്ങളോടുള്ള സഹാനുഭൂതി കമ്യൂണിസത്തിന്റെ കണ്ടുപിടുത്തമല്ല, അതു സഭയുടെ പ്രബോധനങ്ങളിലും പാരമ്പര്യത്തിലും പണ്ടേ ഉള്ളതാണെന്നും മാർപാപ്പ അറിയിച്ചു.

ബീഹാറിൽ കലാപം കത്തിപ്പടർന്നു; ജീവൻ പിടയുമ്പോൾ ജാതിയും മതവുമില്ല; 10 മുസ്ലീംകളുടെ ജീവൻ രക്ഷിച്ചത് ഹിന്ദുവിധവ

ബീഹാറിലെ മുസഫർപൂർ ജില്ലയിലുണ്ടായ വർഗ്ഗീയ കലാപത്തിൽ 10 മുസ്ലീംകളുടെ ജീവൻ രക്ഷിച്ച ഹിന്ദുവിധവയ്ക്ക് ബീഹാർ മുഖ്യമന്ത്രി പാരിതോഷികം പ്രഖ്യാപിച്ചു. സഹിൽ ദേവി എന്ന 50കാരിയാണ് മുസ്ലീംകളെ രക്ഷിക്കാൻ മുന്നിട്ടിറങ്ങിയത്. കലാപത്തിൽ 5പേർ കൊല്ലപ്പെട്ടിരുന്നു. 20വയസ്സുകാരനായ ഹിന്ദു യുവാവിന്റെ മൃതദേഹം ഗ്രാമത്തിൽ കണ്ടതിനെത്തുടർന്ന് അക്രമികൾ അസിസ്പൂർ ബഹിൽവാര ഗ്രാമം ആക്രമിക്കുകയായിരുന്നു. തന്റെ വീട്ടിൽ അയൽക്കാരായ 10 പേരെ ഒളിപ്പിച്ചാണ് സഹിൽദേവി രക്ഷകയായത്.
അക്രമികൾ മുസ്ലീംകളെ ആക്രമിക്കുമ്പോൾ അരുതെന്നു പറഞ്ഞ് രണ്ടുപെൺമക്കൾക്കൊപ്പം സഹിൽ വീടിനുമുമ്പിൽ നിന്നു. ചിലർ സഹിലിന്റെ വീടിനുള്ളിൽ കയറാൻ ശ്രമിച്ചെങ്കിലും ഇത് ഹിന്ദുവീടാണ് എന്നുപറഞ്ഞ് അവർ തടഞ്ഞു.
അക്രമികളിൽ ചിലർ ഭീഷണിയുമായി എത്തി. രണ്ടുപെൺമക്കളേയും മകനേയും ആക്രമിക്കു

മെന്നായിരുന്നു ഭീഷണി. അതിനെ കൂട്ടാക്കുന്നില്ലെന്ന് സഹിൽ ദേവി പറഞ്ഞു. ഗ്രാമത്തിലെത്തിയ ബീഹാർ മുഖ്യമന്ത്രി ജിതിൻ റാം മഞ്ചി 51,000 രൂപയുടെ പാരിതോഷികം സഹിൽ ദേവിക്ക് പ്രഖ്യാപിച്ചു. അവരുടെ രണ്ടുപെൺമക്കൾക്കും മുഖ്യമന്ത്ര 20,000 രൂപ വീതവും സഹായം പ്രഖ്യാപിച്ചു.

പാലുകൊടുത്തത് പാമ്പിനോ..?

പണ്ട് അഭയാർത്ഥികളായി വന്നവർ ഇന്ന് നിയമം കൈയ്യിലെടുക്കുന്നു. സ്കൂളുകളിലും കോളജുകളിലും ഭീകരവാദ പരിശീലനങ്ങൾ

എന്തുചെയ്യണമെന്നറിയാതെ ദുഃഖഭാരത്താൽ ബ്രിട്ടീഷ് ജനത

പശ്ചിമേഷ്യൻ രാജ്യങ്ങളിലെ യുദ്ധങ്ങളുടെ ഭീകരാവസ്ഥയിൽ നിന്നും രക്ഷപെട്ടോടി അഭയാർത്ഥികളായി ബ്രിട്ടനിൽ എത്തിയവരാണ് രാജ്യത്തെ മുസ്ലീം ജനവിഭാഗത്തിൽ ഏറിയപങ്കും. കഷ്ടപ്പാടിന്റെ സമയത്ത് കൈത്താങ്ങായി മാറിയ ബ്രിട്ടീഷ് ജനതയെ ത്തന്നെ തകർക്കുവാൻ ഇന്നവർ കോപ്പുകൂട്ടുന്നത് ലോകം നേരിൽ കാണുന്നു.
ഇസ്ലാമിക ഭീകരസംഘടനയായ ഐസിസിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാൻ ഒരു പറ്റം മുസ്ലീം യുവതികൾ ഒരുമ്പെട്ടിറങ്ങിയിരിക്കുന്നത് ബ്രിട്ടന് കൂടുതൽ തലവേദന സൃഷ്ടിക്കുന്നു. കൂടാതെ ബ്രിട്ടനിലെ സ്കൂളുകളിലും കോളജുകളിലും ഭീകരവാദ പരിശീലനം തകൃതിയായി നടക്കുന്നുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.
ബ്രിട്ടനിലെ ഭീകരവാദികളായ സ്ത്രീകളെ ഉപയോഗിച്ച് ഐസിസ് മറ്റുവനിതകളെ ഭീകരാക്രമണങ്ങൾക്ക് പ്രചോദിപ്പിക്കുകയാണ് ചെയ്യുന്നത്. സ്കൂളുകളിലെയും കോളജുകളിലെയും വിദ്യാർത്ഥികളെ പ്രേരിപ്പിച്ച് ഭീകരസംഘടനയിലേയ്ക്ക് ചേർക്കുന്ന പ്രവർത്തനവും ദ്രുതഗതിയിൽ നടക്കുന്നതായാണ് ഇതു സംബന്ധിച്ച് ഗവേഷണം നടത്തുന്നവർ മുന്നറിയിപ്പ് നൽകുന്നത്. വടക്കൻ സിറിയയിലുള്ള 30 ബ്രിട്ടീഷ് സ്ത്രീകൾ യുകെയിലുള്ള മറ്റുസ്ത്രീകളെ യുകെയിൽ ഭീകരാക്രമണം നടത്താൻ പ്രേരിപ്പിക്കുന്നുണ്ടെന്നാണ് കിംഗ്സ് കോളജ് ഓഫ് ലണ്ടനിലെ വിദഗ്ദ്ധർ പറയുന്നത്.



ഈ 30 അംഗസംഘത്തിന്റെ സോഷ്യൽ മീഡിയ സന്ദേശങ്ങൾ അരിച്ചുപെറുക്കിയാണ് ഈ ഞെട്ടിപ്പിക്കുന്ന വസ്തുത പുറത്തുകൊണ്ടുവന്നതെന്ന് ഒബ്സർവർ പത്രം റിപ്പോർട്ടുചെയ്യുന്നു. ദി ഇന്റർനാഷണൽ സെന്റർ ഫോർ ദി സ്റ്റഡി ഓഫ് റാഡിക്കലൈസേഷൻ (ഐസ്എസ്ആർ) ഈ വനിതാ ജിഹാദികളുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകളെപ്പറ്റി പഠനം നടത്തിയിരുന്നു. ഇവർ തങ്ങളുടെ ബ്രിട്ടനിലുള്ള പങ്കാളികളെ ഉപയോഗിച്ച് മറ്റ് സ്ത്രീകളെ ഭീകരവാദത്തിനായി റിക്രൂട്ട് ചെയ്യുന്നുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്.
പടിഞ്ഞാറൻ രാജ്യക്കാരുടെ തലവെട്ടുന്നതിനെയും പാരീസിൽ നടന്ന കൂട്ടക്കൊലയേയും ബ്രിട്ടീഷ് വനിതാ ജിഹാദികൾ പിന്തുണയ്ക്കുന്നുണ്ട്. സിറിയയിൽ പോയി എസിസിന്റെ പരിശീലനം നേടാൻ സാധിക്കാത്തവരോട് ബ്രിട്ടനിൽതന്നെ ജിഹാദ് നടത്താൻ ഇവർ ആഹ്വാനം ചെയ്യുന്നതും കണ്ടെത്തിയിട്ടുണ്ട്.

നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).

അല്മായ മുന്നേറ്റം: പ്രാധാന്യവും സാധ്യതാമേഖലകളും

ഷെവലിയർ വി.സി.സെബാസ്റ്റ്യൻ

സീറോ മലബാർ സഭാമക്കൾ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ

1940–കളിൽ ഇന്ത്യയുടെ പലയിടങ്ങളിലേയ്ക്ക് ഒറ്റപ്പെട്ട കുടിയേറ്റങ്ങൾ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നു. 1950–60കൾ ജോലിതേടിയുള്ള ചെറുപ്പക്കാരുടെ വിവിധ സംസ്ഥാനങ്ങളിലേയ്ക്കുള്ള യാത്രയിൽ സീറോ മലബാർ സഭ അല്മായ സമൂഹവും ഉൾക്കൊണ്ടിട്ടുണ്ട്. ബാംഗ്ലൂർ, ബോംബെ, മദ്രാസ്, ഡൽഹി, ഗുജറാത്ത് എന്നിവിടങ്ങളിലേയ്ക്ക് സഭയിലെ അല്മായർ ഓഫീസ് (Clerical), ഫാക്ടറി, നിർമ്മാണ ജോലികൾക്കായി കുടിയേറുവാൻ തുടങ്ങി. അഹമ്മദാബാദ്, ബറോഡ, ഭോപ്പാൽ, ഔറംഗബാദ്, ഇൻഡോർ, നാഗപ്പൂർ എന്നിവിടങ്ങൾ ഇതിനുദാഹരണങ്ങളാണ്.

1960–1975 ൽ നേഴ്സിംഗ് വിദ്യാഭ്യാസത്തിൽ നമ്മുടെ പെൺകുട്ടികൾ ശ്രദ്ധ കേന്ദ്രീകരിക്കുകയും പഠനത്തിനും ജോലിക്കുമായി പ്രധാന നഗങ്ങളിലെത്തുകയും ചെയ്തു. വിവിധ സംസ്ഥാനങ്ങളിൽ നമ്മുടെ മക്കൾക്ക് അവസരങ്ങൾ ഒരുക്കിക്കൊടുത്തതിൽ വൈദികരും, കന്യാസ്ത്രീകളും നല്ല പങ്കുവഹിച്ചിട്ടുണ്ട്. ബന്ധുക്കാരും സ്വന്തക്കാരുമായ പെൺകുട്ടികളെ നേഴ്സിംഗ് പഠിക്കുവാനും ജോലിക്കുമായി പ്രോത്സാഹനം നൽകി, അങ്ങനെ ഒരു കുടിയേറ്റ ഒഴുക്കിന് സംഘടിത തുടക്കമായി.

1975–1990 ൽ നേഴ്സിംഗ് മേഖലയിലെ കുതിപ്പ് ശക്തമായി. ഗവൺമെന്റ് ജോലികളിൽ അവസരങ്ങൾ കണ്ടെത്തി, കൂടുതൽ പഠനങ്ങൾക്കായി ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾ ആകർഷിക്കപ്പെട്ടു. അങ്ങനെ പഠനത്തിനും ജോലിക്കുമായി പോയവരും വിവാഹിതരായി എത്തിയവരും ആയിരിക്കുന്ന സ്ഥലങ്ങളിൽ സ്ഥിരതാമസം ചെയ്തുതുടങ്ങി.

നമ്മുടെ അല്മായർ എത്തിച്ചേർന്ന സ്ഥലങ്ങളിലെ ജീവിതസാഹചര്യങ്ങളിൽ ലയിച്ചുചേർന്നപ്പോൾ സീറോ മലബാർ സഭയുടെ പൈതൃകവും പാരമ്പര്യവും കൈമോശംവന്നു. ജീവിക്കുവാനുള്ള നെട്ടോട്ടത്തിൽ ചെന്ന സ്ഥലങ്ങളിലെ സാഹചര്യങ്ങൾ ഉൾക്കൊള്ളേണ്ടിവന്നു.

1990 മുതൽ ഇന്നുവരെയും ഈ ഒഴുക്ക് ശക്തിപ്പെട്ട് നീങ്ങുന്നുണ്ടെങ്കിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേയ്ക്ക് ഇപ്പോഴുള്ള migrations പലതും floating migrations ആണ്. 1990 നുശേഷം കേരളം വിട്ട് ഇന്ത്യയുടെ ഇതരസംസ്ഥാനങ്ങളിലേയ്ക്ക് പഠിക്കുവാനും ജോലിക്കും ചെല്ലുന്ന സീറോ മലബാർ സഭാവിശ്വാസികൾ ഒരു ഇടത്താവളമായി മാത്രമേ ഇന്ത്യയുടെ പ്രധാന നഗരങ്ങളെ കാണുന്നുള്ളൂ. ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തിലൂടെ മറ്റു രാജ്യങ്ങളിലെ അനന്തസാധ്യതകൾ ലക്ഷ്യംവെച്ചാണ് ഇന്ന് നാം നീങ്ങുന്നത്.

ഇന്ത്യയിലെ സീറോ മലബാർ സഭ

അല്മായ വെല്ലുവിളികൾ

1.) കേരളത്തിൽ നിന്നുള്ള വിശ്വാസി സമൂഹത്തിന്റെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേയ്ക്കുള്ള ഒഴുക്കിനനുസരിച്ച് സഭയ്ക്ക് കഴിഞ്ഞനാളുകളിൽ നീങ്ങാനായില്ല.

2.)സീറോ മലബാർ സഭയ്ക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന proper teritory പ്രതിബന്ധമായി ഇന്നും പലയിടങ്ങളിലും നിലനിൽക്കുന്നു.

3.)ആദ്യകാല കുടിയേറ്റത്തിലെ നല്ലൊരു ശതമാനം വിശ്വാസികളും ലാറ്റിൻ പള്ളികളിലും ഇതരക്രൈസ്തവ വിഭാഗങ്ങളിലും പ്രാർത്ഥനാകൂട്ടായ്മകളിലുമായി.

4.)ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലായി സ്ഥിരതാമസമാക്കിയ കുടുംബങ്ങളുടെ ഇന്നത്തെ തലമുറയ്ക്ക് സീറോ മലബാർ സഭ അജ്ഞാതമാണ്.

5.)കേരളത്തിലെ കുടിയേറ്റങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ കുടിയേറ്റങ്ങളുടെ പിന്നിൽ സഭയുടെ പ്രോത്സാഹനമോ സ്വാധീനമോ പിൻതുണയോ ഇല്ലായിരുന്നു. വ്യക്തിഗതമായിരുന്നു.

6.)ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ ശക്തമായ സഭാ സാന്നിധ്യമുണ്ടെങ്കിലും നാമമാത്രമായ സൗകര്യങ്ങളിൽ വീർപ്പുമുട്ടിയാണ് നമ്മുടെ പ്രവർത്തനങ്ങൾ. എങ്കിലും ഈ നഗരങ്ങളിലെ നമ്മുടെ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളത്തിലെയും ഇതര രൂപതകളിലെയും ഇടവകകളിൽ നിന്നും കുട്ടികൾ പോകുമ്പോൾ മാർഗ്ഗനിർദ്ദേശം നൽകുവാനാകുന്നുണ്ടോ?

7.)Inter Cast വിവാഹങ്ങളുടെ എണ്ണം പെരുകുന്നു

8.)സഭയ്ക്കു മാത്രമല്ല മാതാപിതാക്കൾക്കും സ്വാധീനിക്കുവാൻ സാധിക്കാത്ത അവസ്ഥയിലാണ് കുടിയേറ്റ മേഖലയിലെ യുവജനങ്ങൾ.

9.)വിശ്വാസികളുടെ എണ്ണം കൃത്യമായ രേഖകളില്ല

10.)നമ്മുടെ ഒരു ഇടവകയിൽപോലും ഇടവകയ്ക്ക് പുറത്തുള്ള ഇടവകാംഗങ്ങൾ എവിടെയുണ്ട് എന്നറിയുവാനുള്ള സംവിധാനം ഇല്ല.

വിദേശരാജ്യങ്ങളിലേയ്ക്കുള്ള സീറോ മലബാർ സഭ അല്മായരുടെ കുടിയേറ്റം

വിദേശരാജ്യങ്ങളിലേയ്ക്കുള്ള ഒറ്റപ്പെട്ട കുടിയേറ്റങ്ങളെക്കുറിച്ച് വ്യക്തമായ കണക്കുകളില്ല. 1940–50 കളിൽ സിംഗപ്പൂരിൽ നമ്മുടെ ആളുകൾ എത്തിയിരുന്നതായി പറയപ്പെടുന്നുണ്ട്. 1960 നു ശേഷമാണ് വിദേശകുടിയേറ്റത്തിന്റെ ചിത്രം വ്യക്തമാകുന്നത്. എങ്കിലും സംഘടിതമായ ഒരൊഴുക്ക് ഇക്കാലത്തും ഉണ്ടായിരുന്നില്ല. അമേരിക്കയിലേയ്ക്കും, ജർമ്മനി, ഓസ്ട്രിയ, സ്വിറ്റ്സർലാന്റ് എന്നീ രാജ്യങ്ങളിലേയ്ക്കും 1970 കളിൽ സീറോ മലബാർ സഭയിലെ ധാരാളം പെൺകുട്ടികൾ നേഴ്സിംഗ് ജോലിതേടിപ്പോയി. അക്കാലത്ത് ഇതിന് സഹായമായിരുന്നത് ഇവിടങ്ങളിൽ ജോലി ചെയ്തിരുന്ന വൈദികരും കന്യാസ്ത്രീകളുമാണ്. ഇറാക്കിലേയ്ക്കും യെമനിലേയ്ക്കും ഇസ്രായേലിലേയ്ക്കും ഈ കാലഘട്ടങ്ങളിൽ നേഴ്സിംഗ് ജോലികൾക്കായി നമ്മുടെ സഹോദരിമാർ പോയിരുന്നു. തുടർന്ന് അമേരിക്കയിലേയ്ക്ക് ഒഴുക്ക് ശക്തമായി. 1975 നോടുകൂടി ഗൾഫ് രാജ്യങ്ങൾ നമ്മുടെ കുടിയേറ്റ കേന്ദ്രമായി. തുടർന്ന് 2000 മാണ്ടുവരെ ഒഴുക്കായി. സൗദി അറേബ്യ, ഖത്തർ, കുവൈറ്റ്, ബഹറിൻ, മസ്ക്കറ്റ്, യു.എ.ഇ.എന്നിവിടങ്ങളിലായി ലക്ഷക്കണക്കിനായ നമ്മുടെ അല്മായർ ഇന്ന് ജോലിയിലും ബിസിനസിലും ഏർപ്പെട്ടിരിക്കുന്നു. ക്രൈസ്തവർക്ക് പ്രാർത്ഥനാസ്വാതന്ത്ര്യം നിഷേധിച്ചിരിക്കുന്ന സൗദി അറേബ്യയിൽ സീറോ മലബാർ സഭാ പ്രാർത്ഥനക്കൂട്ടായ്മകൾ പ്രവർത്തിക്കുന്നത് ആദിമസഭയെ അനുസ്മരിപ്പിക്കുന്നതാണ്.

1960–1975 ൽ നേഴ്സിംഗ് വിദ്യാഭ്യാസത്തിൽ നമ്മുടെ പെൺകുട്ടികൾ ശ്രദ്ധ കേന്ദ്രീകരിക്കുകയും പഠനത്തിനും ജോലിക്കുമായി പ്രധാനനഗങ്ങളിലെത്തുകയും ചെയ്തു. വിവിധ സംസ്ഥാനങ്ങളിൽ നമ്മുടെ മക്കൾക്ക് അവസരങ്ങൾ ഒരുക്കിക്കൊടുത്തതിൽ വൈദികരും, കന്യാസ്ത്രീകളും നല്ല പങ്കുവഹിച്ചിട്ടുണ്ട്.

(തുടരും)

എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു (യോഹ.14:27).

മലയാള ടെലിവിഷൻ ചരിത്രത്തിലാദ്യമായി
കാനാൻദേശം
THE BIBLE REALITY SHOW
ഗുഡ്നസ് ടിവിയിൽ
ബൈബിൾ അടിസ്ഥാനമാക്കിയുള്ള റിയാലിറ്റി ഷോ കാനാൻദേശം
10 വയസ്സു മുതൽ 45 വയസ്സുവരെ പ്രായമുള്ളവർക്ക് ലോകത്തിന്റെ ഏതു കോണിൽ നിന്നും
പരിപാടിയിൽ പങ്കെടുക്കാം.
Contact: Phone : 8606420011,canandesham@gmail.com
" അറിവാണ് സമൃദ്ധി ബൈബിളാണ് അറിവ് "
www.goodnesstv.tv
GOODNESS
ഞായർ രാത്രി 7:30
പുനഃപ്രക്ഷേപണം
തിങ്കൾ 7: 30 am
ബുധൻ 2.00 pm
വെള്ളി 4:00 pm

LAITY VOICE

31

ക്രിസ്തുവിലുള്ള ജീവിതം

കഴിഞ്ഞ ലക്കം തുടർച്ച...

പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഏവയാണ്?

പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഏഴെണ്ണമാണ്: ജ്ഞാനം, ബുദ്ധി, ആലോചന, ധൈര്യം, അറിവ്, ഭക്തി, ദൈവഭയം. ദൈവിക നിവേശനങ്ങളെ പിഞ്ചെല്ലുന്നതിന് നമ്മെ ഇണക്കമുള്ളവരാക്കുന്ന സ്ഥിരമനോഭാവങ്ങളാണവ.

പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ ഏവയാണ്?

സഭയുടെ പാരമ്പര്യം പരിശുദ്ധാത്മാവിന്റെ ഫലങ്ങളിൽ പന്ത്രണ്ട് എണ്ണം ഉൾക്കൊള്ളുന്ന പട്ടിക നൽകിയിട്ടുണ്ട്: സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, ഔദാര്യം, സൗമ്യത, വിശ്വസ്തത, അടക്കം, ആത്മസംയമനം, ചാരിത്ര്യം. നിത്യമഹത്വത്തിന്റെ ആദ്യഫലങ്ങളെന്ന നിലയിൽ നമ്മിൽ രൂപപ്പെട്ടിരിക്കുന്ന പൂർണ്ണതകളാണവ.

പാപം

ദൈവികകരുണയുടെ സ്വീകരണം നമ്മിൽനിന്ന് എന്താവശ്യപ്പെടുന്നു?

നാം നമ്മുടെ അപരാധങ്ങൾ ഏറ്റുപറയണമെന്നും നമ്മുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കണമെന്നും ഇതാവശ്യപ്പെടുന്നു. ദൈവം കന്നെ അവിടുത്തെ വചനത്താലും പരിശുദ്ധാത്മാവിനാലും നമ്മുടെ പാപങ്ങൾ അനാവരണം ചെയ്യുകയും മനസ്സാക്ഷിയുടെ സത്യവും ക്ഷമയുടെ പ്രത്യാശയും നമുക്ക് നൽകുകയും ചെയ്യുന്നു.

എന്താണ് പാപം?

"സനാതനനിയമത്തിനെതിരായ വാക്കോ പ്രവൃത്തിയോ ആഗ്രഹമോ" ആണ് പാപം (സെന്റ് അഗസ്റ്റിൻ). ദൈവത്തിന്റെ സ്നേഹത്തോടുള്ള അനുസരണക്കേടുമൂലം ദൈവത്തെ ദ്രോഹിക്കലാണിത്. ഇത് മനുഷ്യപ്രകൃതിയേയും മാനവഐക്യദാർഢ്യത്തെയും മുറിപ്പെടുത്തുന്നു. ക്രിസ്തു തന്റെ പീഡാനുഭവത്തിൽ പാപത്തിന്റെ ഗൗവം പൂർണ്ണമായി വെളിപ്പെടുത്തുകയും തന്റെ കരുണയാൽ അതിനെ കീഴടക്കുകയും ചെയ്തു.

അനേകതരം പാപങ്ങളുണ്ടോ?

അനേകം തരത്തിലുള്ള പാപങ്ങളുണ്ട്. അവയുടെ വിഷയത്തിന്റെയും അവ ലംഘിക്കുന്ന പുണ്യങ്ങളുടെയും കല്പനകളുടെയും അടിസ്ഥാനത്തിൽ അവയെ വേർതിരിക്കാം. അവ നേരിട്ടു ദൈവത്തെയോ അയൽക്കാരനേയോ നമ്മെത്തന്നെയോ സംബന്ധിക്കുന്നവയാകാം. കൂടാതെ അവയെ ചിന്തയുടെയോ വാക്കിന്റെയോ ഉപേക്ഷയുടെയോ പാപങ്ങളായും തരംതിരിക്കാം.

ഗൗരവമനുസരിച്ച് പാപങ്ങളെ തമ്മിൽ എങ്ങനെ വേർതിരിച്ചിരിക്കുന്നു?

മാരകപാപമെന്നും ലഘുപാപമെന്നും പാപങ്ങളെ വേർതിരിച്ചിരിക്കുന്നു.

എപ്പോഴാണ് മാരകപാപമുണ്ടാകുന്നത്?

ഒരേസമയം ഗൗരവമുള്ള വിഷയവും പൂർണ്ണമായ അറിവും മനഃപൂർവമായ സമ്മതവും ഉള്ളപ്പോഴാണ് മാരകപാപം ഉണ്ടാകുന്നത്. ഈ പാപം നമ്മിലുള്ള സ്നേഹത്തെ നശിപ്പിക്കുകയും വിശുദ്ധീകരണകൃപ നമുക്ക് ഇല്ലാതാക്കുകയും പശ്ചാത്തപിക്കുന്നില്ലെങ്കിൽ നരകത്തിലെ നിത്യമരണത്തിലേയ്ക്ക് നമ്മെ നയിക്കുകയും ചെയ്യും. സാധാരണഗതിയിൽ, ജ്ഞാനസ്നാനം, പശ്ചാത്താപം അഥവാ അനുരഞ്ജനം എന്നീ കൂദാശകളാൽ ഈ പാപം ക്ഷമിക്കപ്പെടും.

എപ്പോഴാണ് ലഘുപാപമുണ്ടാകുന്നത്?

സാരാംശപരമായി മാരകപാപത്തിൽനിന്ന് വ്യത്യസ്തമായ ലഘുപാപം ഒരുവൻ ചെയ്യുന്നത്, അതുൾക്കൊള്ളുന്ന വിഷയം ഗൗരവം കുറഞ്ഞതായിരിക്കുമ്പോഴും, ഗൗരവമുള്ളതാണെങ്കിൽപോലും പൂർണ്ണ അറിവോ പൂർണ്ണമായ സമ്മതമോ ഇല്ലാതിരിക്കുമ്പോഴുമാണ്. ലഘുപാപം ദൈവവുമായുള്ള ഉടമ്പടി തകർക്കുന്നില്ല. മറിച്ച് അത് ഉപവിയെ ബലഹീനമാക്കുകയും സൃഷ്ടവസ്തുക്കളോടുള്ള ക്രമരഹിതമായ സ്നേഹത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു. പുണ്യങ്ങളുടെ അഭ്യസനത്തിലും ധാർമ്മിക നന്മയുടെ പരിശീലനത്തിലും ആത്മാവിന്റെ പുരോഗതിയെ അത് തടസ്സപ്പെടുത്തുന്നു. ശുദ്ധീകരണത്തിനായുള്ള താൽക്കാലികശിക്ഷയ്ക്ക് അത് ഒരുവനെ അർഹനാക്കുന്നു.

എങ്ങനെയാണ് പാപം പെരുകുന്നത്?

പാപം പാപപ്രവണതയെ ജനിപ്പിക്കുന്നു. ഒരേ പ്രവൃത്തിയുടെ ആവർത്തനംവഴി അതു ദുർഗുണത്തെ ഉത്പാദിപ്പിക്കുന്നു.

എന്താണ് ദുർഗുണങ്ങൾ?

ദുർഗുണങ്ങൾ പുണ്യങ്ങളുടെ നേരെ വിപരീതമാണ്. മനസാക്ഷിയെ അന്ധകാരപൂർണ്ണമാക്കുകയും തിന്മയിലേയ്ക്ക് ചായ്ക്കുകയും ചെയ്യുന്ന താളംതെറ്റിയ ശീലങ്ങളാണവ. ദുർഗുണങ്ങളെ മൗലികപാപങ്ങളോടു ബന്ധിപ്പിക്കാവുന്നതാണ്: അഹങ്കാരം, ദ്രവ്യാഗ്രഹം, അസൂയ, കോപം, വിഷയാസക്തി, അത്യാർത്തി, മടി അഥവാ നിരുത്സാഹം എന്നിവയാണ് മൗലികപാപങ്ങൾ.

മറ്റുള്ളവർ ചെയ്യുന്ന പാപങ്ങളെ സംബന്ധിച്ച് നമുക്ക് എന്തെങ്കിലും ഉത്തരവാദിത്വമുണ്ടോ?

നാം അവയോട് കുറ്റകരമായ രീതിയിൽ സഹകരിക്കുന്ന പക്ഷം നമുക്കും അവയിൽ ഉത്തരവാദിത്വമുണ്ട്.

> **ഒരേസമയം ഗൗരവമുള്ള വിഷയവും പൂർണ്ണമായ അറിവും മനഃപൂർവമായ സമ്മതവും ഉള്ളപ്പോഴാണ് മാരകപാപം ഉണ്ടാകുന്നത്. ഈ പാപം നമ്മിലുള്ള സ്നേഹത്തെ നശിപ്പിക്കുകയും വിശുദ്ധീകരണകൃപ നമുക്ക് ഇല്ലാതാക്കുകയും പശ്ചാത്തപിക്കുന്നില്ലെങ്കിൽ നരകത്തിലെ നിത്യമരണത്തിലേയ്ക്ക് നമ്മെ നയിക്കുകയും ചെയ്യും. സാധാരണഗതിയിൽ, ജ്ഞാനസ്നാനം, പശ്ചാത്താപം അഥവാ അനുരഞ്ജനം എന്നീ കൂദാശകളാൽ ഈ പാപം ക്ഷമിക്കപ്പെടും.**

പാപത്തിന്റെ വ്യവസ്ഥിതികൾ എന്നാൽ എന്താണ്?

ദൈവനിയമത്തിനെതിരായ സാമൂഹികാവസ്ഥകളോ സ്ഥാപനങ്ങളോ ആണ് പാപത്തിന്റെ വ്യവസ്ഥിതികൾ. വ്യക്തിപരമായ പാപങ്ങളുടെ പ്രകാശനവും ഫലവുമാണവ.

(തുടരും)

(പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്)

നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).

Published and edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra P.O., Kanjirapally
Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com

SHAIJU.CHACKO7@GMAIL.COM

Private circulation